നം.കെ.എസ്.എ.പി.റ്റി.എ./പി12/1453/2016 തീയതി: 20.01.2017

പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.08.2015 മുതൽ 31.05.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്തിയിട്ടില്ലാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.12.2016 മുതൽ 28.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ.എസ്. രമണൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി സൂര്യപ്രഭപി.സി, അസിസ്റ്റന്റ്ഓഡിറ്റ്ഓഫീസർ<br>ശ്രീമതി രാജശ്രീ സി.ആർ., ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ജിനി ജോസ് | 01.04.2015മുതൽ 31.10.2015 വരെ |
| | ഭരണ നിർവ്വഹണ സമിതി | 1.11.2015 മുതൽ 6.11.2015 |
| | ശ്രീ. കടമ്മനിട്ട കരുണാകരൻ | 7.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.എ.അനിൽ കുമാർ | 01.04.2015 മുതൽ 23.07.2015 വരെ |
| | ശ്രീ.വി.സുജിത് കുമാർ | 24.07.2015 മുതൽ 23.08.2015 വരെ |
| | ശ്രീ.ആർ.ശ്രീകുമാർ | 24.08.2015 മുതൽ 31.03.2016 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2015-16
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2015-16
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2015-16

ഉള്ളടക്കം


| ക്രമനമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം-1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ജാഗ്രതാ സമിതികൾ നിയമാനുസൃതം വിളിച്ചുകൂട്ടുന്നില്ല | 1-9 |
| 10 | പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടില്ല. | 1-10 |

| | | |
|---|---|---|
| 11 | ദുരിതാശ്വാസ നിധി നാളിതുവരെ രൂപീകരിച്ചിട്ടില്ല | 1-11 |
| 12 | ക്യാഷ് വെരിഫിക്കേഷൻ | 1-12 |
| 13 | വർക്കിംഗ് ഗ്രൂപ്പ് | 1-13 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-14 |
| | ഭാഗം-2 | |
| 15 | മൗണ്ട് സിയോൺ എൻജിനീയറിംഗ് കോളേജ് ; വസ്തു നികുതി ഇനത്തിൽ ലഭിക്കാനുള്ളത് 13.27ലക്ഷം രൂപ | 2-1 |
| 16 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഒടുക്കുന്നില്ല ; പ്രതിവർഷ നഷ്ടം 1.69 ലക്ഷം രൂപ | 2-2 |
| 17 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-3 |
| 18 | അൺ എയ്ഡഡ് സ്കൂളിലെ ജീവനക്കാരിൽ നിന്നും കുറഞ്ഞ നികുതി ഈടാക്കുന്നു | 2-4 |
| 19 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുകയോ ലൈസൻസ് എടുക്കുകയോ ചെയ്യുന്നില്ല | 2-5 |
| 20 | പരസ്യ നികുതി ഈടാക്കുന്നില്ല – വരുമാന നഷ്ടം | 2-6 |
| 21 | പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല | 2-7 |
| | ഭാഗം 3 | |
| 22 | പ്രോജക്'ട് നിർവ്വഹണത്തിൽ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 1.32 കോടി രൂപ | 3-1 |
| 23 | വികസന ഫണ്ട് - വകയിരുത്തിയതിൽ കുറവ് വന്നത് 63.68ലക്ഷം രൂപ | 3-2 |
| 24 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചതിൽ കാലതാമസം; ഗ്രാമപഞ്ചായത്തിനുണ്ടായ അധിക ബാധ്യത 1.92 ലക്ഷം രൂപ | 3-3 |
| 25 | നിലവിലില്ലാത്ത തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് ഒടുക്കുന്നു; പ്രതിവർഷ നഷ്ടം 2.91ലക്ഷം രൂപ | 3-4 |
| 26 | പൊതു ടാപ്പുകളുടെ വെള്ളക്കരം- വാർഷിക ബാദ്ധ്യത 11.07ലക്ഷം രൂപ | 3-5 |
| 27 | കുട്ടികൾക്ക് പ്രത്യേക ആരോഗ്യ പരിപാടി - പ്രോജക്ട് നിർവ്വഹണത്തിൽ ഗുരുതര വീഴ്ച | 3-6 |

| | | |
|---|---|---|
| | | |
| 28 | മഴക്കാല പൂർവ്വശുചീകരണം- വികസന ഫണ്ട് വകമാറ്റി ചെലവഴിച്ചു | 3-7 |
| 29 | വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്തതിനാൽ ഗുണഭോക്തൃലിസ്റ്റിന് സാധുതയില്ല | 3-8 |
| 30 | പമ്പ്, വാട്ടർടാങ്ക് എന്നിവ സ്ഥാപിച്ച് വർഷം രണ്ട് കഴിഞ്ഞിട്ടും വെള്ളം കിട്ടാക്കനി | 3-9 |
| 31 | സാന്ത്വന പരിചരണം-151400/-രൂപ അഡ്വാൻസായി നൽകിയിട്ടും മരുന്ന് ലഭ്യമാക്കിയില്ല | 3-10 |
| 32 | പി.എച്ച്.സി യ്ക്ക് മരുന്ന് ,ലാബ് റിയേജൻറസ് വാങ്ങൽ- മരുന്ന് നാളിതു വരെ ലഭിച്ചിട്ടില്ല | 3-11 |
| 33 | എ.ബി.സി പ്രോഗ്രാം- പൂർത്തീകരണ രേഖകളില്ല | 3-12 |
| 34 | മീഡിയാശ്രീ - പണം കൈമാറി; പദ്ധതി നടപ്പായില്ല | 3-13 |
| 35 | ഇ.എം.എസ് ഭവനപദ്ധതി; ഗുണഭോക്താക്കൾ തിരിച്ചടച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കിയില്ല | 3-14 |
| 36 | അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല | 3-15 |
| 37 | ഗ്രാമകേന്ദ്രങ്ങൾ രൂപീകരിച്ചിട്ടില്ല | 3-16 |
| 38 | അംഗവനാടികളുടെ അടിസ്ഥാനസൗകര്യം | 3-17 |
| 39 | റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകിയതുമൂലമുള്ള നഷ്ടം 2.14 ലക്ഷം രൂപ | 3-18 |
| 40 | അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - പൊതുവായ അപാകതകൾ | 3-19 |
| 41 | ഗുണഭോക്തൃസമിതി മുഖാന്തിരമുള്ള പ്രവൃത്തി- സുതാര്യതയില്ലാത്തത് | 3-20 |
| 42 | സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പിലാക്കി | 3-21 |
| | ഭാഗം-4 | |
| 43 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |

| | | |
|---|---|---|
| 44 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 45 | വായ്പ/വായ്പ തിരിച്ചടവ് | 4-3 |
| 46 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 47` | ഓഡിറ്റ് റിക്കവറി | 4-5 |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-6 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് | 4-8 |


# ഭാഗം 1

## പൊതു അവലോകനം

## (1-1) ബജറ്റ്

2015-16 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ബജറ്റ് അംഗീകരിച്ച തീയതി, തീരുമാന നം. | റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയതി |
|---|---|---|
| 2015-16 | 24.03.2015 (I) | ഇല്ല |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ സൂചിപ്പിക്കുന്നത് ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ്.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 1122984 | 15952025 | (-)14829041 |
| വരവ് | 62964160 | 23403035 | (+)39561125 |
| ആകെ | 64087144 | 39355060 | (+)24732084 |
| ചെലവ് | 60328635 | 32076872 | (+)28251763 |
| നീക്കിയിരിപ്പ് | 3758509 | 7278188 | (-)3519679 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിന്റെ ഉപവകുപ്പ് 1പ്രകാരം സ്ഥാപനത്തിൽ അടുത്ത വർഷം ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾക്കായി ഓരോ വർഷവും ജനവരി 15-ന് മുൻപ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിക്കേണ്ടതും ബജററ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഉപവകുപ്പ് 1-എ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുൻപ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം. ബജറ്റ് തയ്യാറാക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല. 2015-16 വർഷത്തെ ബജറ്റ് 23-03-2015 ലെ ധനകാര്യകമ്മിറ്റി കമ്മിറ്റിയിൽ അവതരിപ്പിച്ച് പാസ്സാക്കുകയും 24-03-2015 ലെ ജനറൽ കമ്മിറ്റിയിലെ ഒന്നാം നംപർ തീരുമാനപ്രകാരം പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതികൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സപ്ലിമെന്ററി അല്ലെങ്കിൽ റിവൈസ്ഡ് ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടണം. എങ്കിൽ മാത്രമേ പ്ലാൻ ചെലവുകൾ പഞ്ചായത്ത് രാജ് നിയമത്തിന്റെ 214-ാം വകുപ്പ് പ്രകാരം അനുവദനീയമാവുകയുള്ളൂ. എന്നാൽ 2015-16 വർഷത്തെ വാർഷിക പദ്ധതിചെലവുകൾ ഉൾപ്പെടുത്തി ബജറ്റ് റിവൈസ് ചെയ്ത് അംഗീകാരം

വാങ്ങിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രീയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉണ്ടാകുന്നില്ല. കേരള ഗ്രാമപഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കേണ്ടതും എല്ലാ പ്രോജക്ടുകൾക്കും ബജറ്റിൽ തുക വകയിരുത്തേണ്ടതുമാണ്.

## (1-2) വാർഷിക ധനകാര്യപത്രിക

| ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 15.05.2016 | 14.07.2016 |

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് റൂൾസ് പ്രകാരം മേയ് 15-ാം തീയതിക്കുള്ളിൽ മുൻ സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ ചട്ടം അനുശാസിക്കുന്ന സമയ പരിധിയ്ക്കുള്ളിൽ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. വീഴ്ച ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിലേക്ക് ശ്രദ്ധയിൽപ്പെടുത്തുന്നു.

## (1-3) വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും, ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകളും, രജിസ്റ്ററുകളും സൂക്ഷ്മപരിശോധന നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബില്ലുകളിൽ നിന്നും കുറവു ചെയ്ത് ഒടുക്കുന്ന വാറ്റ്, ആദായനികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവയുടെ വിവരം അക്കൗണ്ട്സിൽ കാണിക്കുന്നില്ല.
2. പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ ആസ്തികളും ഷെഡ്യൾ ബി-11- ൽ ഉൾപ്പെട്ടിട്ടില്ല. 2015-16 വർഷം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കായി 7983818 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 31.3.2014-ലെ കോൺക്രീറ്റ് ആസ്തികളുടെ മൂല്യമായിരുന്ന 1580508 രൂപ തന്നെയാണ് 31.3.2016-ലെ റോഡ് കോൺക്രീറ്റ് ആസ്തികളുടെ മൂല്യമായി കാണിച്ചിരിക്കുന്നത്. സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ലാത്തതിനാൽ തേയ്മാന കിഴിവ് അനുവദിക്കുവാൻ സാധിച്ചിട്ടില്ല.
3. ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് നൽകുന്നതിനായി ചെലവഴിച്ച 72250/ രൂപ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായി ബി11ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

   മേൽപറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## (1-4) സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേമെന്റ്പത്രിക പ്രകാരം)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 15952025 |
| വരവ് | 23403035 |
| ആകെ | 39355060 |
| ചെലവ് | 32076872 |
| നീക്കിയിരിപ്പ് | 7278188 |

## (1-5) വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 240786 | 71533 | 5925128 | 6237447 | 6247447 | - | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 2544771 | 2825819 | - | 5370590 | 3270010 | 2100580 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 259030 | 290677 | - | 549707 | 496407 | 53300 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 293756 | 4321579 | - | 4615335 | 3197087 | 1418248 | 0 |
| ലോക ബാങ്ക് സഹായം | 2353000 | 530984 | - | 2883984 | 530984 | 2353000 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 473682 | 5166886 | - | 5640568 | 5592522 | 48046 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 763519 | 911392 | 48046 | 1722957 | 1722957 | - | 0 |

*19.09.15-ലെ GO (P) No. 419/2015/Fin നം. ഉത്തരവ് പ്രകാരം, കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിച്ച തുകയാണ് വരവായി എടുത്തിരിക്കുന്നത്. 2015-16 വർഷം മുതൽ വികസന ഫണ്ട്/മെയി.ഗ്രാന്റ് എന്നിവയ്ക്ക് നീക്കിയിരിപ്പ് ഇല്ല.

## (1-6) പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ |
|---|---|---|---|---|---|
| 191 | 43485343 | 130 | 22376197 | 5 | 56 |

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 23 | 6383440 | 18 | 2192953 | 34 |
| സേവനം | 85 | 25446835 | 47 | 9542684 | 38 |
| പശ്ചാത്തലം | 83 | 11655068 | 70 | 10640560 | 91 |
| ആകെ | 191 | 43485343 | 135 | 22376197 | 51 |

നിർബന്ധിത വകയിരുത്തലുകളും ചെലവും(സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള കണക്കുകൾ)

| പദ്ധതി | പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തൽ | ചെലവ് |
|---|---|---|---|
| വനിതാ ഘടക പദ്ധതി | 12 | 3908800 | 2385779 |
| കുട്ടികൾ | 6 | 1610000 | 1364275 |
| ഭിന്നശേഷിയുള്ളവർ | 1 | 450000 | 450000 |
| ആശ്രയ പദ്ധതി | 1 | 200000 | 200000 |
| പാലിയേറ്റിവ് കെയർ | 1 | 400000 | 397600 |
| ഖരമാലിന്യ നിർമ്മാർജ്ജനം | 1 | 186430 | - |
| യുവജന വികസന പദ്ധതി | 2 | 855000 | - |

മറ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്നും വ്യത്യസ്ഥമായി ബാലസഭ മാതൃകാപരമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ

ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ടുകളുടെ ബാഹുല്യം പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയെ ബാധിക്കുന്നു.

   പ്രോജക്ടുകളുടെ ബാഹുല്യം ഗ്രാമപ്പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയെ വളരെ ഗുരുതരമായി ബാധിക്കുന്നു. . സേവന മേഖലയിൽ 85 പ്രോജക്ടുകൾ ആവിഷ്കരിച്ചുവെങ്കിലും 47 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്. പൊതുമരാമത്ത് പ്രവൃത്തികൾക്കായി 83 പ്രോജക്ടുകളാണ് ആവിഷ്കരിച്ചത്. ഇവയിൽ മിക്കതും തന്നെ 2 ലക്ഷം രൂപയിൽ താഴെ അടങ്കലുള്ള റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. പ്രോജക്ടുകളുടെ എണ്ണം കുറച്ച് പദ്ധതിപ്പണം പൂർണ്ണമായി ചെലവഴിക്കുന്ന നിരവധി പഞ്ചായത്തുകൾ ജില്ലയിലുണ്ട്. വർഷങ്ങളായി സ്പിൽ ഓവറായി പല പ്രോജക്ടുകളും തുടരുന്നു. ഖരമാലിന്യ പ്രോജക്ട്, ശ്മശാന നിർമ്മാണം, ഫ്രണ്ട് ഓഫീസ് നവീകരണം എന്നിവ ഏതാനം ഉദാഹരണങ്ങൾ മാത്രമാണ്.

2. എസ്.സി.പി. പ്രോജക്ടുകളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

3. പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല.

4. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ (ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതി, വനിതാ ഘടക പദ്ധതി, വൃദ്ധർ, ഭിന്നശേഷിയുള്ളവർ,യുവജനങ്ങൾ എന്നിവർക്കുള്ള പ്രത്യേക പദ്ധതി മുതലായവ) അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധപതിപ്പിച്ചിട്ടില്ല.

5. ഗ്രാമപഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിനു പകരം വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവച്ച് താരതമ്യേന ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പദ്ധതികൾ ഏറ്റെടുക്കുന്നു.

6. വാർഡ് വിഭജനമെന്ന സങ്കുചിതമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ആശാസ്യകരമല്ല. ഒരു റോഡിന്റെ മുഴുവൻ ചെയ്നേജ് പരിഗണിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നില്ല.

7. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല. സാമ്പത്തിക വർഷത്തിന്റെ അന്ത്യംവരെ പദ്ധതി പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് നിർമ്മാണ പ്രവർത്തികൾ വലിച്ചിഴയ്ക്കുകയും, അവസാന നാളുകളിൽ പദ്ധതിപ്പണം തിരക്കിട്ട് ചെലവഴിച്ചു തീർക്കുകയും ചെയ്യുന്ന പ്രവണത നിലനിൽക്കുന്നു.

8. തൻവർഷം ലൈബ്രറി കെട്ടിട നിർമ്മാണം ഒഴികെയുള്ള മരാമത്തുപ്രവൃത്തികൾ ഗുണഭോക്തൃസമിതികൾ മുഖേനയാണ് നിർവ്വഹിച്ചിരിക്കുന്നത്. ടെണ്ടർ മുഖേന പ്രവൃത്തികൾ നിർവ്വഹിച്ചിരുന്നുവെങ്കിൽ മത്സരാധിഷ്ഠിത ടെണ്ടറുകളിലൂടെ എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ നിരക്കിൽ കരാറുകാർ പ്രവൃത്തി ഏറ്റെടുക്കാനുള്ള സാധ്യതയുണ്ടായിരുന്നു. ആയതിലൂടെ പദ്ധതിപ്പണം ലാഭിക്കാമായിരുന്നു എന്നു മാത്രമല്ല,

ടെണ്ടർ ഫോറം വിൽപ്പന, ഇ.എം.ഡി, സെക്യൂരിറ്റി എന്നീയിനങ്ങളിൽ പഞ്ചായത്തിന് വരുമാനവും ഉണ്ടാകുമായിരുന്നു.

മേൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനും വാർഷിക പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള സ്ഥാപനങ്ങളുടെ അവസ്ഥ

കേരള പഞ്ചായത്ത് രാജ് നിയമം നിലവിൽ വരുന്നതിനു മുൻപുതന്നെ ഏകദേശം 50 വർഷമായി ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് മഹാത്മാഗാന്ധി സ്മാരക പഞ്ചായത്ത് ഡിസ്പെൻസറി. മഹാണിമല എന്ന സ്ഥലത്ത് വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ സ്ഥിതി അത്യന്തം ശോചനീയമാണ്. മെഡിക്കൽ ഓഫീസർ, പാർട്ട് ടൈം സ്വീപ്പർ എന്നിവർ മാത്രമാണ് ഇപ്പോഴുള്ളത്. നേഴ്സ്, ഫാർമസിസ്റ്റ് എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. മഹാണിമലപട്ടിക വർഗ്ഗ കോളനിയിലെ ജനങ്ങൾ ആശ്രയിക്കുന്ന ഡിസ്പെൻസറിയ്ക്ക് ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കാൻ നാളിതുവരെ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞില്ല എന്നത് തികഞ്ഞ വീഴ്ചയാണ്. പശ്ചാത്തല മേഖയിൽ ലഭ്യമാകുന്ന ഫണ്ട് മുഴുവൻ റോഡ് കോൺക്രീറ്റിംഗിന് ഉപയോഗിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്.

## (1-7) തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം (2014-15) | തൻവർഷം (2015-16) | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 1855276 | 2094646 | (+) 239370 | (+) 13% |
| നികുതിയേതര വരവുകൾ | 303366 | 381442 | (+) 78076 | (+) 26% |
| മറ്റ് വരവുകൾ | 440858 | 173641 | (-) 267217 | (-)61% |

നികുതി/നികുതിയിതര വരവിൽ മുൻവർഷത്തേ അപേക്ഷിച്ച് നാമമാത്രമായ വർദ്ധനവ് മാത്രമാണുണ്ടായിട്ടുള്ളത്. പുതുക്കിയ വസ്തു നികുതി ചട്ട പ്രകാരം പുനർനിർണ്ണയിച്ച വസ്തു നികുതിയിൽ സർക്കാർ ഇളവ് അനുവദിച്ചത് മൂലം (660 ച.അടി വരെ വിസ്തൃതിയുള്ള വസ്തുനികുതിയിൽനിന്നും ഒഴിവാക്കുകയും, 2000 ച.അടി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവ് ബാധകമാക്കാതിരിക്കുകയും ചെയ്തതിനാൽ) പഞ്ചായത്തിന്റെ നികുതി വരവിൽ പ്രതീക്ഷിത വർദ്ധനവ് ഉണ്ടായില്ല.

## (1-8) ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 213 | 1020660 |
| വിധവാ പെൻഷൻ | 413 | 2712600 |
| വാർദ്ധക്യകാല പെൻഷൻ | 352 | 1898460 |
| വികലാംഗ പെൻഷൻ | 192 | 1342245 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ (>50) | 10 | 63320 |

| | | |
|---|---|---|
| തൊഴിൽ രഹിത വേതനം | 32 | 48360 |

## (1-9) ജാഗ്രതാ സമിതികൾ നിയമാനുസൃതം വിളിച്ചുകൂട്ടുന്നില്ല

സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരേ ഉണ്ടാകുന്ന അതിക്രമങ്ങൾ, സ്വാതന്ത്ര്യ നിഷേധം,അവകാശ ലംഘനം എന്നീ വിഷയങ്ങളിൽ ഇടപെട്ട് അവ പരിഹരിക്കാനും സമാനമായ പ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിലുള്ള സാമൂഹ്യസൃഷ്ടിക്കുവേണ്ടി പ്രാദേശിക സർക്കാർ തലത്തിൽ പ്രവർത്തിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് രൂപീകരിച്ചതാണ് ജാഗ്രതാ സമിതികൾ. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും ഐ.സി.ഡി.എസ് സൂപ്പർ വൈസർ കൺവീനറും വനിതാ മെമ്പർ, വനിതാ അഭിഭാഷക, സി.ഡി.എസ് ചെയർ പേഴ്സൺ, സ്ഥലത്തെ സബ് ഇൻസ്പെക്ടർ, എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട സാമൂഹ്യ പ്രവർത്തക, ഇതേ വിഭാഗത്തിലെ വനിതാ മെമ്പർ, കൗൺസിലർ, ഡോക്ടർ എന്നിവരാണ് പഞ്ചായത്ത് തല ജാഗ്രതാസമിതിയിൽ ഉൾപ്പെടുന്നത്.

പഞ്ചായത്തിലെ ജാഗ്രതാസമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനകീയവും ആക്കിത്തീർക്കുന്നതിനായി ഓരോ വാർഡിലും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡ് തല ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നത്. പഞ്ചായത്ത് ജാഗ്രതാസമിതി എടുക്കുന്ന തീരുമാനങ്ങൾ,ബോധന പരിപാടികൾ എന്നിവ ഫലപ്രദമായി നടപ്പിലാക്കുകയെന്നത് ഈ സമിതിയുടെ ലക്ഷ്യങ്ങളാണ്. കൂടാതെ താഴെ തലങ്ങളിലുള്ള ജനങ്ങൾക്ക് ജാഗ്രതാ സമിതിയുടേയും വനിതാ കമ്മീഷന്റേയും സേവനം ലഭിക്കുന്ന തരത്തിൽ പ്രവർത്തിക്കുകയെന്നതും ഇതിന്റെ പരമപ്രധാനമായ ലക്ഷ്യമാണ്.

എന്നാൽ ഗ്രാമപഞ്ചായത്ത് തലത്തിലുള്ള ജാഗ്രതാ സമിതിയുടേയും വാർഡ് തല ജാഗ്രതാ സമിതിയുടേയും മിനിട്ട്സുകൾ എഴുതി സൂക്ഷിക്കാത്തതിനാൽ പ്രവർത്തനം വിലയിരുത്താൻ സാധിച്ചിട്ടില്ല.

## (1-10) പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് 172.എ വകുപ്പ് അനുസരിച്ച് പഞ്ചായത്ത് ഭരണസമിതി അധികാരത്തിലെത്തി ചുരുങ്ങിയത് ആറുമാസത്തിനകം നിലവിലെ പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. പുതിയ ഭരണ സമിതി അധികാരത്തിൽ വന്ന് ഒരുവർഷമായിട്ടും പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടില്ല. ആയതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## (1-11) ദുരിതാശ്വാസ നിധി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനും അതിലേക്ക് ധനസമാഹരണം നടത്തുന്നതിനും അർഹരായവർക്ക് സഹായമെത്തിക്കുന്നതിനും ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## (1-12) ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.12.2016-ൽ 3P.M-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 7514/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## (1-13) വർക്കിംഗ് ഗ്രൂപ്പ്

ഗ്രാമപഞ്ചായത്തിലെ പദ്ധതി രൂപീകരണത്തിൽ നിർണ്ണായക പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ കൃത്യമായി വിളിച്ചു ചേർക്കുകയോ കാര്യക്ഷമമായ പ്രവർത്തനം നടത്തുകയോ ചെയ്തിട്ടില്ല. ബന്ധപ്പെട്ട വിഷയ മേഖലകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തുന്നതിനും വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല. കൂടാതെ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പ്രോജക്ടുകളായി പരിണമിക്കുന്നില്ലെന്ന് രേഖകൾ സൂചിപ്പിക്കുന്നു. ജനങ്ങൾക്ക് ആസൂത്രണ കാര്യങ്ങളിൽ പങ്കെടുക്കാനുള്ള ഏറ്റവും പ്രബലമായ വേദിയാണ് വർക്കിംഗ് ഗ്രൂപ്പുകൾ. ആയതിനാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

## (1-14) മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.12.2016 | 10/2016- 11/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.07.16-18.7.16 | 2011-12 മുതൽ 2015-16 വരെ | 17.8.16 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### (2-1) മൗണ്ട് സിയോൺ എൻജിനീയറിംഗ് കോളേജ് ; വസ്തു നികുതി ഇനത്തിൽ ലഭിക്കാനുള്ളത് 13.27ലക്ഷം രൂപ

നാരങ്ങാനം വില്ലേജിൽ ബ്ലോക്ക് നമ്പർ 14 റീസർവ്വേ 156/14,156/6,157/03 നമ്പരിൽപ്പെട്ട 13.77 ഹെക്ടർ സ്ഥലത്ത് ശ്രീ.കെ.ജെ എബ്രഹാം കലമണ്ണിൽ ചെയർമാനായുള്ള ട്രസ്റ്റിന്റെ ഉടമസ്ഥതയിൽ 1999 മുതൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് മൗണ്ട് സിയോൺ എൻജിനീയറിംഗ് കോളേജ്. ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വസ്തു നികുതി നികുതി ഈടാക്കാണമെന്ന് 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചതനുസരിച്ച് ഉടർ നടപടികൾ സ്വീകരിക്കുകയും വസ്തു നികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഓഫീസ് ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ (140.3ച.മീ x50) | 7015 |
| ഹോസ്റ്റൽ (961 m2 x50) | 48050 |
| വിദ്യാഭ്യാസ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ (9943.8 x8), (മേൽക്കൂരയുടെ അടിസ്ഥാനത്തിലുള്ള ഇളവുൾപ്പടെ) | 77003 |
| കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച എം.സി.എ & എം.ബി.എ ബ്ലോക്കിന് 235AA പ്രകാരം നികുതി നിജപ്പെടുത്തിയത് (5399m2)<br>5399x8+(5399x8x2)=129576 | 129576 |
| നിജപ്പെട്ടുത്തിയ ആകെ വസ്തു നികുതി | 261644 |

കോളേജ് ഹോസ്റ്റൽ കെട്ടിടത്തിന് സ്വകാര്യ ഹോസ്റ്റലിന് ബാധകമായ ചതുരശ്ര മീറ്ററിന് 50രൂപ ക്രമത്തിലാണ് നികുതി നിജപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വാസഗൃഹമെന്ന രീതിയിൽ ചതുരശ്ര മീറ്ററിന് 6 രൂപ മാത്രമാണ് ഈടാക്കാനാവുന്നത്. ഹോസ്റ്റൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണ്ണയിച്ചാൽ (961x6= 5766) ആകെ ഈടാക്കാവുന്ന വസ്തു നികുതി ഉക 219360/ രൂപയാണ്. സേവന

ഉപനികുതി(5%) -10968, ലൈബ്രറി സെസ്സ് (5%)- 10968 രൂപ ഉൾപ്പടെ ആകെ പ്രതി വർഷം ഈടാക്കേണ്ട തുക 241296/ രൂപ. വസ്തു നികുതി ചട്ടങ്ങൾക്ക് 14.1.2011 മുതൽ പ്രാബല്യമുള്ളതിനാൽ 2010-11 രണ്ടാം അർദ്ധവർഷം മുതൽ 2015-16 വരെ 1327128/രൂപ ആകെ ഈടാക്കാനുണ്ട്. (241296x5+ 120648). നികുതി ഒടുക്കണമെന്നാവശ്യപ്പെട്ട് 1/9/2016 ന് ഡിമാന്റ് നോട്ടീസ് അയയ്ക്കുകയും ഒടുക്കാത്തതിനെ തുടർന്ന് 20.10.16 ൽ ആർ.ആർ ഡിമാന്റ് നോട്ടീസ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് തീയതി വരേയും നികുതി ഒടുക്കിയിട്ടില്ല. തനത് വരുമാനം കുറവുള്ള ഗ്രാമപഞ്ചായത്ത് വസ്തു നികുതി ഈടാക്കാൻ നിയമ നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. നികുതി ഈടാക്കാതെ കാലഹരണപ്പെട്ടാൽ അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും ഉദ്യോഗസ്ഥരുടേയും ഭാഗത്തുനിന്നുള്ള വീഴ്ചയായിരിക്കും.

6/6/2007ലെ ജി.ഒ(എം.എസ്)150/07/തസ്വഭവ പ്രകാരമാണ് എല്ലാ പഞ്ചായത്തിലും കെട്ടിട നിർമ്മാണ നിയമം ബാധകമാക്കിയത്. 14.7.2016ന് കോളേജിന്റെ ചെയർമാൻ സമർപ്പിച്ച സത്യവാങ്മൂലത്തിൽ കോളജിന്റെ കെട്ടിടങ്ങൾ എല്ലാം തന്നെ 2003ന് മുൻപ് പൂർത്തീകരിച്ചതാണന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അതിനുശേഷം കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടെങ്കിൽ ആയത് അനധികൃതമായതിനാൽ 2014ലെ കേരള പഞ്ചായത്ത് രാജ് (അനധികൃത കെട്ടിടങ്ങളുടെ ക്രമവത്കരണ) ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (2-2) മൊബൈൽ ടവറുകളുടെ വസ്തുനികുതി ഒടുക്കുന്നില്ല ; പ്രതിവർഷ നഷ്ടം 1.69 ലക്ഷം രൂപ

ജി.ഒ.(ആർ.റ്റി)നം.19/2011/തസ്വഭവ.തീയതി 14.01.2011 പ്രകാരം മൊബൈൽടവറുകൾക്ക് ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതി ച.മീറ്ററിന് 500 രൂപയാണ്. ഇതനുസരിച്ച് വസ്തുനികുതി പുനർ നിർണ്ണയിച്ച് ഡിമാന്റ് നോട്ടീസ് അയച്ചുവെങ്കിലും മൊബൈൽടവറുടമകൾ നികുതി ഒടുക്കിയിട്ടില്ല. പുനർ നിർണ്ണയിച്ച വസ്തു നികുതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം/ കെട്ടിട നം | ടവറിന്റെ വിവരം | നിർണ്ണയിച്ചിട്ടുള്ള നികുതി |
|---|---|---|
| I/277B | വൊഡാഫോൺ | 36750 |
| VII/74B | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 18900 |
| V/33A | ഐഡിയ മൊബൈൽസ് | 18600 |
| II/226A | ഭാരതി എയർടെൽ | 23100 |
| IX/303B | ബി.എസ്.എൻ.എൽ | 6300 |
| III/61A | ബി.എസ്.എൻ.എൽ | 13500 |
| IV/433F | ഇൻഡസ് ടവേഴ്സ് | 22200 |
| I/277C | ഐഡിയ മൊബൈൽസ് | 30400 |
| ആകെ | | 169750 |

നിയമാനുസൃത നടപടികളിലൂടെ കുടിശ്ശിക ഉൾപ്പടെയുള്ള വസ്തു നികുതി ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (2-3) തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്ററുകളും അർദ്ധ വാർഷിക വരുമാന പത്രികകളും പരിശോധിച്ചതിൽ, 2015-16 ഒന്നും രണ്ടും അർദ്ധ വർഷങ്ങളിൽ, ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, നിരണകാലാ, നാരങ്ങാനം. |
| 2 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, കണമുക്ക്. |
| 3 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, വലിയകുളം. |
| 4 | നാരങ്ങാനം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ക്ലിപതം നമ്പർ 628 കണമുക്ക് ശാഖ |

നികുതി ഒടുക്കണമെന്നാവശ്യപ്പെട്ട് മുളമൂട്ടിൽ ഫൈനാൻസിയേഴ്സിന് ഗ്രാമപഞ്ചായത്ത് ഡിമാന്റ് നോട്ടീസ് അയച്ചുവെങ്കിലും നാളിതു വരെ ഒടുക്കു വരുത്തിയിട്ടില്ല. നിയമ പരമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഈ വിഷയം പരിഗണിച്ചിട്ടില്ല. നികുതി ഈടാക്കാതെ കാലഹരണപ്പെട്ടാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ ബാധ്യതയാകുമെന്നതിനാൽ മേൽപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും നികുതി തുക ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## (2-4) അൺ എയ്ഡഡ് സ്കൂളിലെ ജീവനക്കാരിൽ നിന്നും കുറഞ്ഞ നികുതി ഈടാക്കുന്നു

അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വേതനം നൽകാത്തതിലൂടെ പഞ്ചായത്തിലേക്ക് ലഭിക്കേണ്ട നികുതിയിൽ കുറവ് വന്നതായി കാണുന്നു. മൗണ്ട് സിയോൺ റസിഡൻഷ്യൽ സ്കൂൾ, സാവിയോ ചാരിറ്റബിൾ റസിഡൻഷ്യൽ സ്കൂൾ എന്നിവിടങ്ങളിലെ അദ്ധ്യാപകരുടെ ശമ്പളം വളരെ കുറവായാണ് സ്റ്റേറ്റ്മെന്റുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ നിജസ്ഥിതി പരിശോധിക്കപ്പെടേണ്ടതാണ്.

മേൽപറഞ്ഞ സ്ഥാപനങ്ങൾ സി.ബി.എസ്.ഇ യുടെ മാർഗ്ഗനിർദ്ദേശം പാലിക്കാതിരിക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിൽ കുറവുണ്ടാകുന്നു. മിക്ക അധ്യാപകരുടേയും തൊഴിൽ നികുതി 300 രൂപയാണ്. സ്കൂൾ ജീവനക്കാർക്ക് നിയമാനുസൃതം ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതുമൂലമാണ് പഞ്ചായത്തിനും നികുതി നഷ്ടമുണ്ടാകുന്നത്.

അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് കേന്ദ്ര സർക്കാരോ അതത് സംസ്ഥാന സർക്കാരുകളോ നൽകിവരുന്ന ശമ്പളവും അലവൻസുകളുമാണ് അംഗീകൃത സി.ബി.എസ്.ഇ സ്കൂളുകളിലെ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്കും നൽകേണ്ടതെന്ന് സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജ്യുക്കേഷന്റെ അഫിലിയേഷൻ ബൈലോയിലെ രണ്ടാം അദ്ധ്യായത്തിലെ II 3.3(1)(c) ഉപചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. സ്ഥിരം അഫിലിയേഷൻ ലഭിച്ചിട്ടുള്ള സി.ബി.എസ്.ഇ. സ്കൂളുകളിൽ താത്കാലിക അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കരുതെന്നും അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് കൺസോളിഡേറ്റഡ് 'പേ' നൽകരുതെന്നും, നിർദ്ദിഷ്ട ശമ്പള സ്കെയിൽ അനുവദിക്കണമെന്നും സ്ഥിരം അഫിലിയേഷൻ (ജനറൽ കണ്ടീഷൻസ്) ഉപചട്ടം II(c)(iii)(b) യിലും നിഷ്കർഷിച്ചിട്ടുണ്ട്.

നിയമാനുസൃതം ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരെ ഏതാനും അൺ എയ്ഡഡ് സി.ബി.എസ്.ഇ. / ഐ.സി.എസ്.സി. സ്കൂളുകളിലെ അദ്ധ്യാപകർ ബഹു:ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന് ഹൈക്കോടതി ഈ വിഷയത്തിൽ 14.09.2012ൽ 1042/2012-ാം നമ്പരായി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് 10,000രൂപയും, സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്ക് 15,000രൂപയും, സീനിയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്ക് 20,000രൂപയും മിനിമം പ്രതിമാസ വേതനമായി നിശ്ചയിച്ചു.

മേൽപറഞ്ഞ സ്കൂളുകളിലെ ജീവനക്കാരുടെ തൊഴിൽനികുതി സംബന്ധിച്ച അർദ്ധ വാർഷിക റിട്ടേണുകൾ പരിശോധിച്ചതിൽ, അദ്ധ്യാപകർക്ക് സി.ബി.എസ്.ഇ. യുടെ നിബന്ധനയോ ഹൈക്കോടതിയുടെ ഉത്തരവോ പ്രകാരമുള്ള ശമ്പളം നൽകുന്നില്ല എന്ന് വ്യക്തമാകുന്നു. ജീവനക്കാരുടെ തൊഴിൽനികുതി സ്വീകരിച്ച വേളയിൽ ഗ്രാമപഞ്ചായത്ത് ഈ വിവരം സ്കൂൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയില്ല. വരുമാന സ്റ്റേറ്റ്മെന്റുകളിലെ വിവരങ്ങൾ ശരിയാണോയെന്ന് ഉറപ്പുവരുത്തേണ്ടതും ഈ വിവരം സ്കൂൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.

## (2-5) റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുകയോ ലൈസൻസ് എടുക്കുകയോ ചെയ്യുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിയ്ക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 13 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ല. ഈ റേഷൻകടകളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ ഭരണ സമിതിയുടെയും സെക്രട്ടറിയുടെയും ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്.

## (2-6) പരസ്യ നികുതി ഈടാക്കുന്നില്ല - വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിൽ പരസ്യനികുതി ഏർപ്പെടുത്തുന്നതിനായി ബൈലോ പാസ്സാക്കുന്നതിന് 8.3.16-ലെ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ശുപാർശ ചെയ്തിരുന്നുവെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പരസ്യ നികുതി ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. പരസ്യ നികുതി ചുമത്തുമ്പോൾ ഈടാക്കാവുന്ന കുറഞ്ഞ നിരക്ക് ജി.ഒ.(പി) നം.128/02/ത.സ്വ.ഭ.വ., തീ.25.07.2002 (എസ്.ആർ.ഒ നമ്പർ 654/02) പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. മാതൃകാ ബൈലോ പഞ്ചായത്ത് ഡയറക്ടറുടെ 18.5.2005-ലെ സി 5-15253/04 ഉത്തരവിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സെക്ഷൻ 209(ഡി) പ്രകാരം പരസ്യ നികുതി പിരിക്കുന്നതിനുള്ള അവകാശം, ബൈലോയ്ക്ക് അംഗീകാരം വാങ്ങിയിട്ടുള്ള ഗ്രാമപഞ്ചായത്തുകൾക്ക് സ്വന്തമായി ഓരോ വർഷവും കുത്തകയ്ക്ക് നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങി, പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## (2-7) പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം ചട്ടം നിലവിൽ വന്ന് ആറ് മാസത്തിനകം ഗ്രാമ പഞ്ചായത്ത് ഇത് സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നു. മേൽ ചട്ടപ്രകാരം പ്ലാസ്റ്റിക് ക്യാരീബാഗുകളുടെ കുറഞ്ഞ കനം 40 മൈക്രോണിൽ നിന്ന് 50 മൈക്രോണായി ഉയർത്തിയിട്ടുണ്ട്. നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരീബാഗുകളിലും, മൾട്ടി ലെയർ പാക്കേജുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരോട് പിഴ ഈടാക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പ്ലാസ്റ്റിക് ക്യരീബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ വഴിവാണിഭക്കാർ തുടങ്ങിയവർ ഗ്രാമപഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4,000 രൂപ നിരക്കിൽ കുറഞ്ഞത് 48,000 രൂപ പ്ലാസ്റ്റിക് മാലിന്യ ഫീസിനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുമുണ്ട്. പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (ഡി.സി)വകുപ്പിന്റെ 24.09.2016-ലെ 576/ഡി.സി.1/16/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം മാലിന്യ ഫീസ് ഈടാക്കി വ്യാപാരികളും തെരുവ് കച്ചവടക്കാരും രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം /ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇതിൻമേൽ ഗ്രാമപഞ്ചായത്ത് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (7/16/തീ. 23.12.16) മറുപടിയായി കേന്ദ്ര നിയമം നടപ്പിലാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമെന്ന് ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശത്തിൻമേൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (3-1) പ്രോജക്ട് നിർവ്വഹണത്തിൽ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 1.23 കോടി രൂപ

ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഫണ്ടിന് ആനുപാതികമായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലുമുണ്ടായ വീഴ്ച മൂലം 12370079 രൂപ നഷ്ടമായി. ആകെ അനുവദിച്ച അലോട്ട്മെന്റിൽ നിന്നും പ്രോജക്ടുകൾക്കായി ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ടായിരുന്ന തുകയാണ് 19.09.15-ലെ ജി.ഒ(പി) 419/2015/ഫിൻ നമ്പർ ഉത്തരവ് പ്രകാരം നഷ്ടമായത്. വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | (ട്രാൻസ്ഫർ ക്രഡിറ്റ് ഉൾപ്പടെ ലഭ്യമായ ആകെ മുന്നിരിപ്പ്) | തൻ വർഷം ലഭിച്ച അലോട്ട്മെന്റ് | ആകെ ലഭ്യമായ തുക | ചെലവഴിച്ചത് | നഷ്ടമായതുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 6165914 | 7202729 | 13368643 | 7130357 | 6238286 |
| വികസനഫണ്ട് എസ്.സി.പി. | 2544771 | 3132000 | 5676771 | 3270010 | 2406761 |
| വികസനഫണ്ട് | 259030 | 346000 | 605030 | 496407 | 108623 |

| | | | | | |
|---|---|---|---|---|---|
| റ്റി.എസ്.പി | | | | | |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 473682 | 5509000 | 5982682 | 5592522 | 390160 |
| സംരക്ഷണ ഗ്രാന്റ്(നോൺ റോഡ്) | 763519 | 2320000 | 3083519 | 1722957 | 1360562 |
| 13th CFCഗ്രാന്റ് | 293756 | 2947002 | 3240758 | 3197087 | 43671 |
| പെർഫോർമൻസ് ഗ്രാന്റ് | 2353000 | - | 2353000 | 530984 | 1822016 |
| ആകെ | | | | | 12370079 |

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും വിവിധ സേവനങ്ങൾ നൽകുന്നതിനും ലഭ്യമായ തുകയാണ് ഇപ്രകാരം നഷ്ടപ്പെട്ടത് എന്നത് തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു. ലോക ബാങ്ക് ധനസഹായം വകയിരുത്തി ആവിഷ്കരിച്ച ലൈബ്രറി കെട്ടിട നിർമ്മാണത്തിന് 530984 രൂപയുടെ പാർട്ട് ബിൽ മാത്രമാണ് 2015-16 വർഷം നൽകിയത്. നിലവിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും ഫണ്ടില്ലാത്തതിനാൽ കരാറുകാരന് ബാക്കി തുക നൽകാൻ കഴിയാത്ത അവസ്ഥയാണ്. ഇത് ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ അധിക ബാധ്യതയാണുണ്ടാക്കുന്നത്. സമയബന്ധിതമായി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ കഴിയാത്തതാണ് ഇത്രയധികം തുക ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെടാൻ ഇടയാക്കിയത്.

## (3-2) വികസന ഫണ്ട് - വകയിരുത്തിയതിൽ കുറവ് വന്നത് 63.68ലക്ഷം രൂപ

2015-16 വാർഷിക പദ്ധതിയിൽ ലഭ്യമായ മുഴുവൻ വികസന ഫണ്ടും(സാധാരണ വിഹിതം) വകയിരുത്തി പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടില്ല. 19.09.15-ലെ GO (P) No. 419/2015/Fin നം. ഉത്തരവ് പ്രകാരം 2015-16 വർഷം പൊതു വിഭാഗം വികസന ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുകയുൾപ്പടെ 13368643/- രൂപ ഗ്രാമപഞ്ചായത്തിന് ലഭ്യമായിരുന്നുവെങ്കിലും 6999903രൂപ മാത്രം വകയിരുത്തിയാണ് പ്രോജക്ടുകൾ ആവിഷ്കരിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഫണ്ടിനം | മുന്നിരിപ്പ് | ലഭിച്ച ആകെ അലോട്ട്മെന്റ് | പൊതു വിഭാഗം ഫണ്ടിലേയ്ക്ക് റ്റി.സി ചെയ്ത തുക | ആകെ ലഭ്യമായ തുക | വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക | വകയിരുത്തിയതിൽ കുറവ് വന്നത് |
|---|---|---|---|---|---|---|
| സാധാരണ വിഹിതം | 240786 | 7202729 | 5925128 | 13368643 | 6999903 | 6368740 |

ഓഡിറ്റ് വർഷം യഥാർത്ഥത്തിൽ ലഭ്യമായ തുകയുടെ അടിസ്ഥാനത്തിൽ പദ്ധതിക്ക് തുക വകയിരുത്താതിരുന്നത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. ആയത് തുടർ നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## (3-3) തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചതിൽ കാലതാമസം; ഗ്രാമപഞ്ചായത്തിനുണ്ടായ അധിക ബാധ്യത 1.92 ലക്ഷം രൂപ

തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള 07-07-2010 ലെ 43742/DC3/ത.സ്വ.ഭ.വ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനായി ആകെ തുകയുടെ 50% തുക അടവാക്കിയാൽ മതിയായിരുന്നു.എന്നാൽ ഗ്രാമപഞ്ചായത്ത് ടി പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്താതിരുന്നതിനാൽ 192238/- രൂപ അധികമായി ചെലവിട്ടു.

2012-13സാമ്പത്തിക വർഷം പത്തനംതിട്ട ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ നാരങ്ങാനം ഗ്രാമപഞ്ചായത്തിലുള്ള ട്രാൻസ് ഫോർമറുകൾക്ക് 30 എണ്ണം മീറ്റർ സ്ഥാപിക്കുന്നതിന് 68/12-13/06-11-2012 പ്രകാരം 250500/- രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ഇത് പ്രകാരം ആകെ എസ്റ്റിമേറ്റ് തുകയായ 250500/- രൂപയുടെ 50% തുകയായ 125250/- രൂപ ഗ്രാമപഞ്ചായത്ത് അടവാക്കേണ്ടതായിരുന്നു. ആയതുപോലെ കോഴഞ്ചേരി ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ 13 എണ്ണം മീറ്റർ സ്ഥാപിക്കുന്നതിന് 24/12-13/04-12-2012 പ്രകാരം 137800/- രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ഇത് പ്രകാരം ആകെ എസ്റ്റിമേറ്റ് തുകയായ 137800/- രൂപയുടെ 50% തുകയായ 68900/- രൂപ ഗ്രാമപഞ്ചായത്ത് അടവാക്കേണ്ടിയിരുന്നു. ഇപ്രകാരം രണ്ട് സെക്ഷനുകളിലായി 194150/- രൂപയാണ് ആവശ്യമായിരുന്നത്.

തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 194150/- രൂപ അടവാക്കണമെന്നിരിക്കെ 2012-13 സാമ്പത്തിക വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി വികസന ഫണ്ടിൽ 122710/- രൂപ അടങ്കലുള്ള പ്രോജക്റ്റ് (പ്രോജക്റ്റ് നം- 46/13) മാത്രമാണ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയത്.പ്രോജക്റ്റ് പ്രകാരം 68900/- രൂപ (ഡി.ഡി.നം- 725478/04-04-2013) കോഴഞ്ചേരി ഇലക്ട്രിക്കൽ സെക്ഷനിൽ അടവാക്കി. പ്രോജക്ടിൽ അവശേഷിച്ച 53810/- രൂപ ( ഡി.ഡി.നം- 725479/04-04-2013) പത്തനംതിട്ട ഇലക്ട്രിക്കൽ സെക്ഷനിലും നിർവ്വഹണ ഉദ്യോഗസ്ഥ അടവാക്കി.

പത്തനംതിട്ട ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ തെരുവുവിളക്കുകളുടെ മീറ്റർ സ്ഥാപനത്തിനായി 71440/- രൂപ അടവാക്കാൻ അവശേഷിക്കെ (125250-53810=71440) ആയതിനായി 2013-14 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് പ്രോജക്റ്റ് തയ്യാറാക്കിയില്ല.2014-15 സാമ്പത്തിക വർഷം മാത്രമാണ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 72210/-രൂപ അടങ്കലുള്ള പ്രോജക്റ്റ് തയ്യാറാക്കിയത്. കെ.എസ്.ഇ.ബി, പത്തനംതിട്ട ഇലക്ട്രിക്കൽ ഡിവിഷനിൽ നിന്നുമുള്ള 10-11-2014 ലെ DB/2014-15 /79/10-11-2014 നമ്പർ കത്തിൽ തെരുവ് വിളക്കുകളുടെ മീറ്റർ സ്ഥാപനത്തിനായി ഗ്രാമപഞ്ചായത്ത് 53810/- രൂപയാണ് അടവാക്കിയിട്ടുള്ളതെന്നും ബാക്കി തുകയായ 72210/- രൂപ അടിയന്തിരമായി അടവാക്കണമെന്നും എസ്റ്റിമേറ്റ് തുകയുടെ 50% അടയ്ക്കുന്ന പദ്ധതി 2014 ഡിസംബർ 31 ന് അവസാനിക്കുന്നതാണെന്നും അറിയിച്ചിരുന്നു.എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും 72210/- രൂപ ടി പദ്ധതിയ്ക്കായി അടവാക്കുന്നതിനായി ട്രഷറിയിൽ നിന്നും പിൻവലിച്ചത് ബിൽ നം- 27/28-01-2015 പ്രകാരമാണ്. ആയത് ഡി.ഡി നം- 297397/02-02-2015 പ്രകാരം കെ.എസ്.ഇ.ബി, പത്തനംതിട്ട ഡിവിഷനിൽ നൽകിയെങ്കിലും എസ്റ്റിമേറ്റ് തുകയുടെ 50% അടയ്ക്കുന്ന പദ്ധതി കാലയളവ് പൂർത്തിയായതിനാൽ തുക തിരികെ നൽകുകയും ആയത് 25-03-2015 ൽ ട്രഷറിയിൽ തിരികെ അടവാക്കുകയും ചെയ്തു.

സബ്സിഡി ആനുകൂല്യത്തിന്റെ സമയപരിധി കഴിഞ്ഞതിനെ തുടർന്ന് പത്തനംതിട്ട ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ടി പ്രോജക്ടിനായി 318258/- രൂപയുടെ പുതുക്കിയ ഭരണാനുമതി (നം-124/2014-15/28-02-2015/EE/ED/PTA) ഗ്രാമപഞ്ചായത്തിന് നൽകി. തുടർന്ന് 12-03-2015 ലെ നം- DB/2014-15/PTA കത്ത് പ്രകാരം നേരത്തെ അടവാക്കിയ 53810/- രൂപ കുറച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള ബാക്കി തുകയായ 264448/- രൂപ അടവാക്കാൻ നിർദ്ദേശം നൽകി. ഇത് പ്രകാരം 2015-16 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വികസന ഫണ്ട് വകയിരുത്തി 264448/- രൂപ അടങ്കലുള്ള പ്രോജക്റ്റ് തയ്യാറാക്കുകയും ടി തുക ഡി.ഡി.നം-300023/19-09-2015 പ്രകാരം പത്തനംതിട്ട ഇലക്ട്രിക്കൽ സെക്ഷനിൽ അടവാക്കുകയും ചെയ്തു. പദ്ധതി സമയബന്ധിതമായി 2012-13 ൽ തന്നെ നടപ്പിലാക്കിയിരുന്നുവെങ്കിൽ125250/ രൂപ മാത്രമാണ് ചെലവാകുമായിരുന്നത്. പദ്ധതി 2015-16 വരെ നീട്ടി കൊണ്ടുപോയത് മൂലം 192238/ രൂപയുടെ അധിക ബാധ്യതയാണുണ്ടായത്. മാത്രമല്ല പദ്ധതി നടപ്പിലാകുന്നതിലൂടെ ലാഭിക്കാമായിരുന്ന വൈദ്യുതി ചാർജ്ജും ഗ്രാമപഞ്ചായത്ത് നഷ്ടപ്പെടുത്തി. മീറ്ററിംഗ് പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുമില്ല. കോഴഞ്ചേരി സെക്ഷനിൽ 4/2013ൽ തന്നെ തുക ഒടുക്കിയെങ്കിലും മീറ്റർ സ്ഥാപിക്കാത്തത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് യാതൊരു തുടർ നടപടിയും സ്വീകരിച്ചിട്ടില്ല.

പദ്ധതി അടിയന്തിരമായി പൂർത്തീകരിച്ച് വൈദ്യുത ചാർജിനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന അധിക ബാധ്യത ഇല്ലാതാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (3-4) നിലവിലില്ലാത്ത തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് ഒടുക്കുന്നു;പ്രതിവർഷ നഷ്ടം 2.91ലക്ഷം രൂപ

തെരുവ് വിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ് 2015-16 വർഷം 56599 രൂപയായിരുന്നു. ഇതിനാനുപാതികമായ ചാർജ് ഷീറ്റ് കെ.എസ്.ഇ.ബി കോഴഞ്ചേരി ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് ലഭ്യമാക്കിയത് പരിശോധിച്ചതിൽ നിരക്ക് കണക്കാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| തെരുവ് വിളക്കിന്റെ ഇനം | വാട്ട് | എണ്ണം | പ്രതിമാസ നിരക്ക് | ആകെ |
|---|---|---|---|---|
| ഓർഡിനറി ബൾബ് | 40 | 372 | 61/- | 22692 |
| ഓർഡിനറി ബൾബ് | 60 | 17 | 94 | 1598 |
| ഫ്ലൂറസെന്റ് ട്യൂബ് | 2x40 | 173 | 124- | 21452 |
| ഫ്ലൂറസെന്റ് ട്യൂബ് | 40 | 63 | 61 | 3843 |
| എൽ.ഇ.ഡി | 18 | 191 | 12 | 2292 |
| സി.എഫ്.എൽ | | 169 | 18 | 3042 |

| | | | | |
|---|---|---|---|---|
| സി.എഫ്.എൽ | | 60 | 28 | 1680 |
| ആകെ | | | | 56599 |

ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ 3 വർഷമായി ഓർഡിനറി ബൾബുകൾ വാങ്ങിയിട്ടില്ല. പകരം സി.എഫ്.എൽ, ഫ്ലൂറസെന്റ് ട്യൂബ്, എൽ.ഇ.ഡി വിളക്കുകൾ എന്നിവയാണ് വാങ്ങിയിട്ടുള്ളത്. ഇതു പ്രകാരം 1000 മണിക്കൂർ മാത്രം കാലാവധിയുള്ള ഓർഡിനറി ബൾബുകളില്ല എന്ന നിഗമനത്തിലെത്താവുന്നതാണ്. ഇല്ലാത്ത 389 വിളക്കുകൾക്ക് ഗ്രാമപഞ്ചായത്ത് പ്രതിമാസം വൈദ്യുതിചാർജിനത്തിൽ ചെലവഴിക്കുന്നത് 24290 രൂപയാണ്. അതായത് പ്രതിവർഷം 291480രൂപ നഷ്ടപ്പെടുന്നു.

മീറ്റർ അടിയന്തിരമായി സ്ഥാപിക്കുന്നത് വഴി വൈദ്യുതി ചാർജ് ശാസ്ത്രീയമായി പുനർനിർണ്ണയിച്ച് ഈയിനത്തിലെ ദുർവ്യയം ഒഴിവാക്കേണ്ടതാണ്. തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിക്കുന്ന തുക വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാൻ സാധിക്കുമെന്നും ഓഡിറ്റ് വിലയിരുത്തുന്നു.

## (3-5) പൊതു ടാപ്പുകളുടെ വെള്ളക്കരം- വാർഷിക ബാദ്ധ്യത 11.07ലക്ഷം രൂപ

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 92313 രൂപയാണ് വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നത്. ഒരു ടാപ്പിന് പ്രതിവർഷം 5250 രൂപ നിരക്കിൽ 211 ടാപ്പുകളുടെ തുകയാണിത്. ഈയിനത്തിൽ പ്രതിവർഷം 1107756 രൂപ ചെലവാകുന്നുണ്ട്. പൊതു ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനായി 30.3.16ന് കത്ത് നൽകിയെങ്കിലും തുടർ നടപടിയുണ്ടായിട്ടില്ല. വാട്ടർ ടാപ്പുകൾ മിക്കതും പ്രവർത്തനക്ഷമമല്ലെന്ന് നേരിട്ട് പരിശോധിച്ചതിൽ വ്യക്തമായി. തനത് വരുമാനം കുറവായ പഞ്ചായത്തിന് താങ്ങാനാകാത്ത തുകയാണ വെള്ളക്കരമിനത്തിൽ പ്രതി വർഷം അടയ്ക്കേണ്ടി വരുന്നത്. അടിയന്തിരമായി സംയുക്തപരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തി വെള്ളക്കരത്തിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പരിഷ്ക്കരിച്ച സബ്സിഡി മാർഗരേഖ പ്രകാരം (16.11.2013 ലെ ജി.ഒ.(എം.എസ്.) 362/2013/ ത.സ്വ.ഭ.വ.) പൊതു ടാപ്പുകളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനായി, ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈനിൽ നിന്നും ഗാർഹിക കണക്ഷൻ എടുക്കുന്നതിനുള്ള പ്രവൃത്തി ചെയ്തിട്ടുണ്ടെന്നുമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് അർഹതയുള്ളവർക്ക് അനുവദനീയമായ സബ്സിഡി (പൊതുവിഭാഗത്തിന് 4000 രൂപയും പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിന് 6000 രൂപയും) നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം അർഹതയുള്ള ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷൻ എടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലൂടെ മാത്രമേ പഞ്ചായത്തിന്റെ വരുമാനനഷ്ടം കുറയ്ക്കാൻ സാധിക്കൂ. ഈ വിഷയത്തിലേയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## (3-6) കുട്ടികൾക്ക് പ്രത്യേക ആരോഗ്യ പരിപാടി - പ്രോജക്ട് നിർവ്വഹണത്തിൽ ഗുരുതര വീഴ്ച

പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ, സബ് സെന്റർ വാക്സിനേഷൻ,സ്കൂൾ/അംഗൻ വാടി കുട്ടികൾക്കുള്ള ആരോഗ്യ ബോധവത്കരണ പരിപാടികൾ എന്നിവയുടെ ചെലവുകൾക്കായി 2015-16 വർഷം 50000/രൂപ വികസന ഫണ്ടിൽ നിന്നും വകമാറ്റി ചെലവഴിച്ചിട്ടുണ്ട്. മാത്രമല്ല പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങൾക്കായി ഗവൺമെന്റ് ഉത്തരവ് പാലിക്കാതെ കൂടുതൽ തുക ചെലവഴിക്കുകയും ചെയ്തു.

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം വികസനഫണ്ടിൽ നിന്നും 50000/രൂപ വകയിരുത്തി കുട്ടികളുടെ പ്രത്യേക ആരോഗ്യ പരിപാടി എന്ന പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു.വിശദാംശം താഴെ കൊടുക്കുന്നു.

| പ്രോജക്ട് വിശദാംശം | ചെലവഴിച്ച തുക | ബിൽ നമ്പർ / തീയതി |
|---|---|---|
| കുട്ടികളുടെ പ്രത്യേക ആരോഗ്യ പരിപാടി (0117/16 | 7500/<br>21600/<br>20900/ | 2/15-16 തീ 17/12/15<br>5/15-16 തീ 15/2/16<br>9/15-16 തീ 29.3.16 |
| | 50000/ | |
| | 50000/ | |

നിർവ്വഹണത്തിലുണ്ടായ അപാകങ്ങൾ താഴെ പറയുന്നു.

1) വികസന ഫണ്ട് വകമാറ്റി ചെലവഴിച്ചത് 50000/ രൂപ

പൾസ് പോളിയോ ഇമ്മ്യൂണൈസേഷന്റെ ഭാഗമായുള്ള അനുബന്ധ ചെലവുകൾ, സബ്സെന്റർ/ അംഗനവാടി വാക്സിനേഷൻ പരിപാടികൾക്കുള്ള വാഹന ചെലവുകൾ, സ്കൂളുകളിലെ ആരോഗ്യ ബോധവത്കരണ പരിപാടികൾ എന്നിവയ്ക്കായാണ് വികസന ഫണ്ടിൽ നിന്നും മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം പിൻവലിച്ച 50000/ രൂപ വകമാറ്റി ചെലവഴിച്ചത്. ഇപ്രകാരം ഫണ്ട് വകമാറ്റി ചെലവഴിച്ചതിന് പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉത്തരവാദിയാണ്. വകമാറ്റിയ ഫണ്ടിനു പകരം തനത്ഫണ്ടിൽ നിന്നും പരിഹാര വകയിരുത്തൽ നടത്തി തുക തിരികെ ക്രമീകരിക്കേണ്ടതാണ്.

2)പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ :ഗവൺമെന്റ് ഉത്തരവിൽ നിന്നും വ്യതിചലിച്ച് അധികം ചെലവഴിച്ചത് 20000/രൂപ

രണ്ട് ഘട്ടങ്ങളിലായി നടക്കുന്ന പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിന്റെ ഭാഗമായി എൻ.ആർ.എച്ച്.എം ഫണ്ടിൽ നിന്നും അനുവദിക്കുന്ന തുകയ്ക്ക് പുറമേ ഗ്രാമ പഞ്ചായത്ത് തനത്ഫണ്ടിൽ നിന്നും 10000/ രൂപ മെഡിക്കൽ ഓഫീസർക്ക് കൈമാറാൻ 2013-14, 2014-15 വർഷങ്ങളിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.[ജി.ഒ(എം.എസ്.)101/15/ത.സ്വ.ഭ.വ തീയതി 13.1.15]. എന്നാൽ സർക്കാർ ഉത്തരവിൽ നിന്നും വ്യതിചലിച്ച് കുട്ടികളുടെ ആരോഗ്യ സംരക്ഷണം എന്ന പ്രോജക്ടിന്റെ ഭാഗമായി പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ ചെലവുകൾക്കായി വികസന ഫണ്ടിൽ നിന്നും 30000/രൂപ വകമാറ്റി ചെലവഴിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | ചെലവഴിച്ച തുക (വികസന ഫണ്ട്) | | | ചെലവനുവാദം ഉണ്ടായിരുന്നത് (തനത് ഫണ്ട്) | | | അധികം | | |
|---|---|---|---|---|---|---|---|---|---|
| | ഒന്നാം ഘട്ടം | രണ്ടാംഘട്ടം | ആകെ | ഒന്നാം ഘട്ടം | രണ്ടാംഘട്ടം | ആകെ | ഒന്നാം ഘട്ടം | രണ്ടാംഘട്ടം | ആകെ |
| 2015-16 | 15000 | 15000 | 30000 | 5000 | 5000 | 10000 | 10000 | 10000 | 20000 |
| ആകെ അധികം ചെലവഴിച്ചത് | | | | | | | 20000/ | | |

സർക്കാർ ഉത്തരവ് പാലിക്കാതെ അധികം ചെലവഴിച്ച 20000/ രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. വികസന ഫണ്ടിൽ നിന്നും വകമാറ്റിയ 50000/ രൂപയിൽ നിരാകരിച്ച 20000/രൂപ കിഴിച്ച് ബാക്കി 30000/രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (3-7) മഴക്കാല പൂർവ്വശുചീകരണം- വികസന ഫണ്ട് വകമാറ്റി ചെലവഴിച്ചു

2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എം.ഒ.(പി.എച്ച്.സി.) നടപ്പിലാക്കിയ പദ്ധതിയാണ് മഴക്കാല പൂർവ്വശുചീകരണം (പ്രോജക്ട് നം50118/16). ഗ്രാമപഞ്ചായത്തിലെ എല്ലാവീടുകളിലും ശുചീകരണ സന്ദേശങ്ങൾ രേഖപ്പെടുത്തിയ കലണ്ടറുകൾ എത്തിച്ച് ബോധവൽക്കരണം നടത്തുകയാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. പ്രോജക്ടിന്റെ ഭാഗമായി മൾട്ടി കളർ കലണ്ടർ 5000 എണ്ണം പ്രിന്റ് ചെയ്യുന്നതിന് തോട്ടഭാഗത്തെ ദർശന ഓഫ്സെറ്റ് പ്രിന്റേഴ്സിന് 48000 രൂപ നൽകുകയും ചെയ്തിട്ടുണ്ട്. (ഡി.ഡി.നം. 301067തീയതി 27.01.2016). എന്നാൽ കലണ്ടറുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകളില്ല. ഒന്നിടവിട്ട വർഷങ്ങളിൽ കലണ്ടർ പ്രിന്റ് ചെയ്തതു കൊണ്ടു മാത്രം ഈ പദ്ധതി ലക്ഷ്യ പ്രാപ്തി കൈവരിച്ചോയെന്ന് വ്യക്തമല്ല. മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്ക് വികസന ഫണ്ട് ചെലവഴിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല. പകരം വാർഡ് തല പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷൻ വിഹിതമായി നൽകുന്ന 10000 രൂപയും എൻ.ആർ.എച്ച്.എം വിഹിതമായി നൽകുന്ന 10000 രൂപയും പുറമേ തനത് ഫണ്ടിൽ നിന്നും 5000 രൂപ വീതം വാർഡ് തല സാനിട്ടേഷൻ സമിതിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാൻ 23/4/15ലെ 178649/ഡി.സി.1/2015/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിരുന്നു. ഉത്പാദനപരമല്ലാത്ത ബോധവത്കരണ പ്രവർത്തനങ്ങൾക്ക് വികസന ഫണ്ട് ഉപയോഗിക്കരുതെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമായ നിർദ്ദേശമുള്ളപ്പോഴാണ് ഇപ്രകാരം വികസനഫണ്ട് വകമാറ്റി ചെലവഴിച്ചിരിക്കുന്നത്. വകമാറ്റി ചെലവഴിച്ച 48000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (3-8) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്തതിനാൽ ഗുണഭോക്തൃലിസ്റ്റിന് സാധുതയില്ല

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയിൽ [ജി.ഒ.(എം എസ്) നം 362/ത.സ്വ.ഭ.വ തീ.16.11.13 അനുബന്ധം 16 ഖ.7.18 ] പദ്ധതി നിർവ്വഹണത്തിനായി അംഗീകരിച്ച മുൻഗണനാ ലിസ്റ്റ് തദ്ദേശഭരണ സ്ഥാപനത്തിൻറ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം ഗുണഭോക്തൃ ലിസ്റ്റിന് സാധുത ഉണ്ടായിരിക്കുന്നതല്ലെന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ 2015-16 വർഷത്തെ ഗുണഭോക്തൃ ലിസ്റ്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. ആയതിനാൽ തന്നെ ഓഡിറ്റ് വർഷം വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയ പ്രോജക്ടുകൾക്കൊന്നും തന്നെ സാധുതയില്ല. 28 പ്രോജക്ടുകൾക്കായി 4069000 രൂപ വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യമായി നൽകിയിട്ടുണ്ട്. ഗ്രാമസഭ വഴി തെരഞ്ഞെടുക്കുന്ന ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ആർക്കെല്ലാം ഏതെല്ലാം ആനുകൂല്യങ്ങൾ ലഭിച്ചുവെന്നത് പൊതുജനങ്ങൾക്കറിയാൻ നിലവിൽ മാർഗ്ഗമില്ല. പ്രോജക്ട് നിർവ്വഹണം സുതാര്യമാക്കാനുതിനായി സർക്കാർ നൽകിയ നിർദ്ദേശം പാലിക്കാതിരുന്നത് അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. ആയത് തുടർ നടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## (3-9) പമ്പ്, വാട്ടർടാങ്ക് എന്നിവ സ്ഥാപിച്ച് വർഷം രണ്ട് കഴിഞ്ഞിട്ടും വെള്ളം കിട്ടാക്കനി

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2014-15 വർഷം നടപ്പിലാക്കിയ പ്രോജക്റ്റിന്റെ ഭാഗമായി വട്ടക്കാവ് എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന 28ാം നമ്പർ അങ്കണവാടിയ്ക്കുവേണ്ടി പമ്പ്, വാട്ടർ ടാങ്ക് ഇവ സ്ഥാപിക്കുകയും പ്ലംബിംഗ് പണികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വയറിംഗ് പൂർത്തിയാക്കി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ പമ്പ് നാളിതുവരെ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. മോട്ടോർ പമ്പ് ഇപ്രകാരം ദീർഘകാലം പ്രവർത്തിപ്പിക്കാതിരുന്നാൽ ഉപയോഗശൂന്യമാകാനിടയുണ്ട്. കൃത്യമായ ആസൂത്രണത്തിന്റേയും മോണിട്ടറിംഗിന്റേയും അഭാവം മൂലം സൃഷ്ടിച്ച ആസ്തികൾ നിഷ്ക്രിയമായി തുടരുന്നു. 2016-17 വാർഷികപദ്ധതിയിലും വയറിംഗ് നടത്തുന്നതിനായി തുക വകയിരുത്തിയിട്ടില്ല. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ(ഖ13(XIV))പ്രകാരം ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് പ്രവൃത്തികൾക്ക് തുക വകയിരുത്താതെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കരുതെന്ന് നിർദ്ദേശിച്ചിരുന്നു. അങ്കണ വാടിയിൽ കറന്റ് കണക്ഷൻ ലഭ്യമാക്കാൻ നാളിതു വരെ നടപടികൾ സ്വീകരിക്കാതിരുന്നത് അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. ആയതിനാൽ വയറിംഗ് പൂർത്തിയാക്കി വൈദ്യുതകണക്ഷൻ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (3-10) സാന്ത്വന പരിചരണം- തുക പൂർണ്ണമായും നൽകിയിട്ടും മരുന്ന് നാളിതുവരെ ലഭ്യമാക്കിയില്ല

പ്രോജക്റ്റിന്റെ പേര്-സാന്ത്വന പരിചരണം (ജനറൽ)

നമ്പർ- S0116/16

വികസന ഫണ്ട്-250000

ബ്ലോക്ക് വിഹിതം-150000

ആകെ അടങ്കൽ - 400000

നിർവഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ ,പിഎച്ച്.സി.

പ്രോജക്റ്റിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും 150000/- രൂപയും (ഡി.ഡി.നം.687063 തീയതി 17.03.2016) വികസന ഫണ്ടിൽ നിന്നും 1400 രൂപയും (ഡി.ഡിനം. 301772 തീയതി18.03.2016)ഉൾപ്പടെ 154000 രൂപ മുൻകൂറായി നൽകിയെങ്കിലും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി നാളിതുവരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. ശയ്യാവലംബരായ രോഗികൾക്ക് വളരെ അത്യാവശ്യമായി നൽകേണ്ട മരുന്നുകൾ യഥാസമയം നൽകാതിരുന്നിട്ടും മരുന്ന് ലഭ്യമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.ആയതിനാൽ 151400/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## (3-11) പി.എച്ച്.സി യ്ക്ക് മരുന്ന് ,ലാബ് റിയേജൻറസ് വാങ്ങൽ- മരുന്ന് നാളിതു വരെ ലഭിച്ചിട്ടില്ല

2015-16വാർഷിക പദ്ധതിയിൽ വികസന ഫണ്ടിൽ നിന്നും 125000 വകയിരുത്തി എം.ഒ.(പി.എച്ച്.സി.) നടപ്പിലാക്കിയ പദ്ധതിയാണ് പി.എച്ച്.സിയ്ക്ക് മരുന്ന്/ലാബ് റിയേജൻറസ് വാങ്ങൽ.(പ്രോജക്റ്റ് നം.s0169/16). പദ്ധതി നടപ്പിലാക്കുന്നതിൻ ഭാഗമായി മരുന്ന് വാങ്ങുന്നതിന് അട്ടൂർ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ 19.02.2016 ലെ പ്രൊഫോർമ ഇൻവോയിസ് പ്രകാരം 115000രൂപ (ഡി.ഡി.നം.301770, തീയതി 18.03.2016) തിരുവനന്തപുരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ എംഡിയ്ക്ക് കൈമാറിയിട്ടുണ്ട്.എന്നാൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി നാളിതു വരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല.ആയത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വീക്ഷിക്കുന്നു.മരുന്ന് അടിയന്തിരമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## (3-12) എ.ബി.സി പ്രോഗ്രാം- പൂർത്തീകരണ രേഖകളില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിനായുള്ള ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനായി(Animal birth Control programme) ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ 15-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 70000രൂപ വീതം ജില്ലാ പഞ്ചായത്തിന് നൽകുന്നതിന് 23-10-2015 ലെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലും ബഹു. ജില്ലാ കളക്ടറുടെ 06-11-2015ലെ B1 18838/15നം കത്തു പ്രകാരവും നിർദ്ദേശിച്ചിരുന്നു. ഇതു പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 70000രൂപ (ഡി.ഡി നമ്പർ 687075 തീ. 28-03-2016) ഗ്രാമ പഞ്ചായത്തിൽ നിന്ന് നൽകുകയുണ്ടായി. എന്നാൽ ടി തുക വിനിയോഗിച്ചതിന്റെ രേഖകൾ നാളിതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## (3-13) മീഡിയാശ്രീ - പണം കൈമാറി; പദ്ധതി നടപ്പായില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം നടപ്പിലാക്കിയ 'മീഡിയാശ്രീ (57/16) എന്ന പ്രോജക്ട് പ്രകാരം 65000രൂപ ജില്ലാ കുടുംബശ്രീ സംസ്ഥാന മിഷന് നൽകിയെങ്കിലും പദ്ധതി നാളിതുവരെ നടപ്പിലായിട്ടില്ല (ഡി.ഡി.നമ്പർ 301139/01.2.16).

കുടുംബശ്രീ സംസ്ഥാന മിഷന്റെ 'മീഡിയാശ്രീ' പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററിയാക്കുന്നതിനാണ് 20.03.2015ലെ സ.ഉ(സാധാ.) 813/2015/തസ്വഭവ പ്രകാരം സംസ്ഥാന മിഷൻ കോ ഓർഡിനേറ്ററുടെ പേരിൽ ഡിഡിയെടുത്ത് ജില്ലാ മിഷൻ കോ ഓർഡിനേറ്റർക്ക് കൈമാറിയിട്ടുള്ളത്. സെക്രട്ടറിയും ജില്ലാ മിഷൻ കോ ഓർഡിനേറ്ററുമായി ഏർപ്പെട്ടിട്ടുള്ള കരാറിന്റെ രണ്ടാമത്തെ വ്യവസ്ഥ പ്രകാരം, 'ഡോക്യുമെന്ററിയുടെ തിരക്കഥ അംഗീകരിച്ച കത്തും തുകയും ലഭിച്ച് കഴിഞ്ഞ് 60 ദിവസത്തിനകം ഡോക്യുമെന്ററി ചിത്രത്തിന്റെ 10 പകർപ്പ് നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ചിത്രീകരണം പൂർത്തിയായെങ്കിലും ഡോക്യുമെന്ററി ചിത്രം നാളിതുവരെ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല. ചെലവ് തുകയായ 65000 രൂപ തടസ്സത്തിൽവയ്ക്കുന്നു.

## (3-14) ഇ.എം.എസ് ഭവനപദ്ധതി; ഗുണഭോക്താക്കൾ തിരിച്ചടച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കിയില്ല

ഇ.എം.എസ് ഭവന പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്ന് ആദ്യ ഗഡുവായി 15000 രൂപ വീതം അനുവദിച്ച രണ്ട് ഗുണഭോക്താക്കൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിനാൽ തുക തിരിച്ചടച്ചിരുന്നു. പ്രോജക്ടിനായി ലോൺ എടുത്ത തുക നിക്ഷേപിച്ചിരുന്ന ബാങ്ക് അക്കൗണ്ടിലേക്ക് 22/09/10ൽ തിരിച്ചടച്ച ഈ തുക (31165) നാളിതുവരെ കണസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചില്ല. തുക പലിശ സഹിതം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## (3-15) അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് വിതരണം ചെയ്യുന്ന അമൃതം ന്യൂട്രി-മിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല. സാമൂഹിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010 ലെ ഐ.സി.ഡി.എസ്. ബി-3-313/2010 കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുവാനും കുടുംബ ശ്രീ യൂണിറ്റുകളിൽ നിന്നും ഓരോ ബാച്ച് പ്രോഡക്റ്റിന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുവാനും ശിശു വികസന ഓഫിസർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു. ഇതോടൊപ്പംതന്നെ 12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികളിൽ നിന്നും പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്ന പോഷകാഹാരങ്ങളുടെ ഗുണ നിലവാരവും പരിശോധനാ വിധേയമാക്കുന്നതിനുമായി ഗ്രാമസഭാ യോഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും നിർദ്ദേശമുണ്ട്. എന്നാൽ ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ നാളിതുവരെ പാലിച്ചിട്ടില്ല. കുട്ടികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ന്യൂട്രി-മിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കേണ്ടതും നൽകുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണ നിലവാരം ഉറപ്പാക്കുന്നതിനുള്ള മോണിട്ടറിംഗ് കമ്മിറ്റി അടിയന്തിരമായി രൂപീകരിക്കേണ്ടതുമാണ്.

## (3-16) ഗ്രാമകേന്ദ്രങ്ങൾ രൂപീകരിച്ചിട്ടില്ല

പ്രാദേശിക ഭരണസംവിധാനത്തിന്റെ പരമപ്രധാന ഘടകമായ ഗ്രാമ സഭകൾക്ക് ഒരു ആസ്ഥാനമെന്ന നിലയിൽ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ (സ.ഉ(കൈ.)362/2013/ത.സ്വ.ഭ.വ തീയതി 16.11.2013) വിഭാവനം ചെയ്തതാണ് ഗ്രാമകേന്ദ്രങ്ങൾ എന്ന ആശയം. ആയതിന്റെ പ്രവർത്തന മാർഗ്ഗരേഖ സ.ഉ(കൈ.) 112/2014/തസ്വഭവ തീയതി 25.6.2014 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമസഭാ അംഗങ്ങളുടെ ഒത്തുചേരലിനും കാര്യക്ഷമമായ തുടർ പ്രവർത്തനങ്ങൾക്കും സേവനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള ആസ്ഥാനമായിരിക്കും ഗ്രാമ കേന്ദ്രങ്ങൾ. ജനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ആസ്ഥാനത്ത് എത്താതെ തന്നെ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഇവ സഹായകമാകുമായിരുന്നു. ഗ്രാമസഭകളുടെ ആസ്ഥാനമെന്ന നിലയിൽ ഗ്രാമ സഭകളുടെ സംഘാടനത്തിനും വാർഡിൽ നടക്കുന്ന ഭരണ-വികസന-ക്ഷേമ-സേവന- സാംസ്കാരിക-സാമൂഹ്യ പ്രവർത്തനങ്ങൾ കൂട്ടായി ചർച്ച ചെയ്യുന്നതിനും വിലയിരുത്തുന്നതിനും ക്രോഡീകരിക്കുന്നതിനും മോണിട്ടർ ചെയ്യുന്നതിനും അവ നടപ്പാക്കുന്നതിൽ വാർഡ് വികസന സമിതിയെ സഹായിക്കുന്നതിനും വേണ്ടിയുള്ള വികേന്ദ്രീകൃത ഭരണ-സേവന കേന്ദ്രമായി ഗ്രാമ കേന്ദ്രങ്ങൾ പ്രവർത്തിക്കണം. എല്ലാ ഗ്രാമപ്പഞ്ചായത്തുകളിലും എല്ലാ വാർഡുകളിലും ഗ്രാമ കേന്ദ്രങ്ങൾ ആരംഭിക്കണമെന്ന് സർക്കാർനിർദ്ദേശമുണ്ടായിരുന്നു. അംഗന വാടികളിൽ സൗകര്യമുള്ള സ്ഥലങ്ങളിൽ ഗ്രാമകേന്ദ്രത്തിന് ഓഫീസ് സജ്ജീകരിക്കാമെന്നും അല്ലാത്ത സ്ഥലങ്ങളിൽ വാടകയ്ക്ക് ലഭ്യമാക്കാമെന്നും കമ്മിറ്റി തീരുമാനമെടുത്തെങ്കിലും തുടർനടപടികളുണ്ടായില്ല. എല്ലാ വാർഡുകളിലും ഗ്രാമ കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനും അവയുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## (3-17) അംഗവനാടികളുടെ അടിസ്ഥാനസൗകര്യം

ഗ്രാമപ്പഞ്ചായത്തിൽ ആകെയുള്ള 19 അംഗൻവാടികളിൽ 6 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടം ഉള്ളത്. 12 എണ്ണം വാടകക്കെട്ടിടത്തിലും ഒരെണ്ണം വാടകരഹിതമായും പ്രവർത്തിക്കുന്നു. 9 അംഗൻവാടികൾക്ക് മാത്രമാണ് ടോയലറ്റ് സൗകര്യമുള്ളത്. ഇതിൽത്തന്നെ ബേബി ഫ്രണ്ട്ലി ടോയ് ലറ്റുകൾ 6 അംഗനവാടികളിൽ മാത്രമാണുള്ളത്. ചുറ്റുമതിൽ, വൈദ്യുതി കണക്ഷൻ എന്നിവ ഉള്ള

അംഗൻവാടികൾ യഥാക്രമം 10 എണ്ണവും 5 എണ്ണവും മാത്രമാണ്. 13 അംഗൻവാടികൾക്കും കടിവെള്ള സൗകര്യം ഇല്ല. 28ാം നമ്പർ അംഗന വാടിയിൽ മോട്ടോർ പമ്പ്, വാട്ടർ ടാങ്ക് എന്നിവ സ്ഥാപിച്ച് പ്ലംബിംഗ് ജോലികൾ പൂർത്തീകരിച്ചുവെങ്കിലും വയറിംഗ് ചെയ്ത് വൈദ്യുതകണക്ഷൻ ലഭ്യമാക്കാൻ നടപടികൾ എടുത്തിട്ടില്ല. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം അംഗൻവാടികളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിന് മുന്തിയ പരിഗണന നൽകണമെന്ന് നിർദ്ദേശിക്കുന്നു. ഇതനുസരിച്ച് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച് വിശദീകരിക്കേണ്ടതും ഇതിനായുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുമാണ്.

## (3-18) റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകിയതുമൂലമുള്ള നഷ്ടം 2.13 ലക്ഷം രൂപ

പൊതുമരാമത്ത് (H) വകുപ്പിന്റെ 17.4.13-ലെ GO(P) 36/2013/PWD- ഉത്തരവനുസരിച്ച് CPWD ഡേറ്റാ (DSR) പ്രകാരമാണ് ഗ്രാമപഞ്ചായത്തിൽ 2015-16വർഷം മരാമത്തു പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രതിഫലം നൽകിയിരിക്കുന്നത്. CPWD, Analysis of Rates-2014, Vol-I പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code : 4.1.3) അടിസ്ഥാന നിരക്ക് 4753.29/ m3 ആണ് (കൺവീനർ പ്രവൃത്തികൾക്ക്).പി.ഡബ്ല്യൂ.ഡി ചീഫ് എഞ്ചിനീയറുടെ 15.12.14-ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 1.1.2015 മുതൽ ബാധകമായ കോസ്റ്റ് ഇന്റക്സ് 40.95% ഉം 01.8.15 മുതൽ 45.71% ഉംആണ്. ആയതുപ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് യഥാക്രമം 6699.76/m3 (4753.29x1.4095)ഉം, 6926/m3(4753.29x1.4571)ഉം ആണ്. എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിനു പുറമേ തറ നിരപ്പാക്കി ഉറപ്പിക്കുന്നതിന് (Flooring, DSRCode:11.7) നൽകേണ്ട നിരക്കു കൂടി നൽകിയിരിക്കുന്നു. അതായത് എം ക്യൂബിന് യഥാക്രമം 7058.80, 7297.16 രൂപ നിരക്കിലാണ് ഫൈനൽ ബിൽ തയ്യാറാക്കി നൽകിയിരിക്കുന്നത് . ഇത് അംഗീകരിക്കാനാവില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 0295 | Stone aggregate (Single size)-20mm nominal size | Cum | 0.670 | 1175 | 787.25 |
| 0297 | Stone aggregate (Single size)-10mm nominal size | Cum | 0.220 | 1175 | 258.50 |
| 2202 | Carriage of Stone aggregate below 40mm nominal size | Cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand(Zone III) | Cum | 0.445 | 1200 | 534 |
| 2203 | Carriage of Coarse sand | Cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement(0.2225 cum) | Tonne | 0.320 | 6300 | 2016 |
| 2209 | Carriage of Cement | Tonne | 0.320 | 94.65 | 30.29 |
| | Labour | | | | |
| 0155 | Mason(Average) | Day | 0.100 | 417 | 41.70 |
| 0114 | Beldar | Day | 1.630 | 329 | 536.27 |
| 0101 | Bhisti | Day | 0.700 | 363 | 254.10 |

| | | | | | |
|---|---|---|---|---|---|
| 0002 | Hire Charge of concrete mixer 0.25 to 0.40 cum with Hopper | Day | 0.070 | 800 | 56.00 |
| 0012 | Vibrator(needle type 40mm) | Day | 0.070 | 350 | 24.50 |
| 9999 | Sundries | LS | 14.30 | 1.78 | 25.45 |
| | | | | Total | 4706.23 |
| Add water charge 1% | | | | | 47.06 |
| Sub Total | | | | | 4753.29 |
| Cost Index for Pathanamthitta, 40.95%(1.1.15) | | | | | 1946.47 |
| Total | | | | | 6699.76 |
| Cost Index for Pathanamthitta, 45.71 %(1.8.15) | | | | | 6926 |

For Flooring:(DSR Code:11.7) Details of cost for one m3

Cement Concrete pavement with 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) including finishing complete

| Code No | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 4.1.3 | Rate as per item 4.1.3 of DSR, concrete work | M3 | 1 | 4753.29/m3 | 4753.29 |
| Labour:Extra labour for laying in floors etc | | | | | |
| 0124 | Mason(brick layer) 2nd class | Day | 0.350 | 399.00 | 139.65 |
| 0114 | Bheldar | day | 0.180 | 329.00 | 59.22 |
| 0101 | Bhisti | day | 0.050 | 363.00 | 18.15 |
| 9999 | Sundries | LS | 19.760 | 1.78 | 35.17 |

| | | | |
|---|---|---|---|
| Sub Total | | | 5005.48 |
| Add 1% water charge except for 4.1.3 (252.19x1%) | | | 2.52 |
| Total | | | 5008 |
| Cost Index for Pathanamthitta,40.95% | 2050.78 | C. I. For PTA 45.71% | 2289.16 |
| Total | 7058.78 | | 7297.16 |

ഇത്തരത്തിൽ അധിക നിരക്ക് നൽകിയത് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും സാങ്കേതിക അനുമതി നൽകിയ ഇലന്തൂർ ബ്ലോക്ക് അസി.എക്സി.എൻജിനീയറുടേയും ഭാഗത്തു നിന്നുണ്ടായ പിഴവാണ്.

അധിക നിരക്ക് നൽകിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നം./പേര്/ അടങ്കൽ തുക/ ഫണ്ട് | കൺവീനർ/എം.ബുക്ക് നം./ ബിൽ നം. തീയതി,തുക | കോൺക്രീറ്റിംഗിന്റെ അളവ്, അനുവദിച്ച നിരക്ക്, തുക | അനുവദിക്കാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | S033/16- പള്ളിപ്പടി പുതുപ്പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.100000<br>(മെയിന്റനൻസ് ഗ്രാന്റ്) | രാഗിണി സജീവ്<br>പാലപ്പറമ്പിൽ<br>എം.ബുക്ക് നം-29/16<br>ബിൽ നം/തീയതി/തുക<br>35/16 തീ 30.1.16<br>( 98883) | 6.53m3<br>@ 7058.78=<br>46093.83 | 6.53 @ 6699.76<br>=43749.43 | 2344 |
| 2 | S034/16- നല്ലേത്തുപടി പൊരിഞ്ഞോലിൽ റോഡ് കോൺക്രീറ്റിംഗ്<br>രൂ. 400000<br>(മെയിന്റനൻസ് ഗ്രാന്റ്) | നിഷാ രവി<br>ഇടക്കാലായിൽ ഹൗസ്<br>എം.ബുക്ക് നം-31/16<br>ബിൽ നം/തീയതി/തുക<br>25/16/14.1.16<br>399351 | 26.4 m3<br>@ 7058.78<br>=186351.79 | 26.4@ 6699.76<br>=176873.66 | 9478 |
| 3 | S035/16- മാതിൽപ്പള്ളിൽ അരിക്കശ്ശേരിൽപ്പടി റോഡ് കോൺക്രീറ്റിംഗ്<br>രൂ.110000<br>(മെയിന്റനൻസ് ഗ്രാന്റ്) | വിജയകുമാർ ,പാടിയ്ക്കൽ<br>എം.ബുക്ക് നം-35/16<br>ബിൽ നം/തീയതി/തുക<br>49/16/29.2.16<br>109071 | 7.20m3 @ 7058.78<br>=50823.21 | 7.20 @ 6699.76<br>=48238.27 | 2585 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 4 | S036/16- കണമുക്ക് നിരന്ന നിലത്തപടി നടുവിലേത്ത് പാറ റോഡ് കോൺക്രീറ്റിംഗ്<br>രൂ.100000<br>(മെയിന്റനൻസ് ഗ്രാന്റ്) | പി.കെ സലീം<br>പരുത്തികാലായിൽ<br>എം.ബുക്ക് നം-28/16<br>ബിൽ നം/തീയതി/തുക<br>39/16/17.2.16<br>98883/ | 6.53@<br>7058.78<br>=46093.83 | 6.53 @ 6699.76<br>=43749.43 | 2344 |
| 5 | S038/16- വലിയകാലാ മാവുങ്കൽ റോഡ് കോൺക്രീറ്റിംഗ്<br>രൂ.410000<br>(മെയിന്റനൻസ് ഗ്രാന്റ്) | വി.എസ് സൈമൺ,<br>വലിയകാലായിൽ<br>എം.ബുക്ക് നം-4/16<br>ബിൽ നം/തീയതി/തുക<br>24/16/14.1.16<br>409016 | 27.00m3 @7058.78=<br>190587.06 | 27 @ 6699.76<br>=180893.52 | 9694 |
| 6 | S039/16- തുളി കളം വിലങ്ങുപാറ റോഡ് കോൺക്രീറ്റിംഗ്<br>രൂ.100000 | ശാമുവൽ സി.കെ<br>ചരിവു കാലായിൽ<br>എം.ബുക്ക് നം-32/16<br>ബിൽ നം/തീയതി/തുക<br>54/16/21.3.16<br>98621 | 6.51m3 @ 7058.78=<br>45952.65 | 6.51 @ 6699.76<br>=43615.44 | 2337 |
| 7 | S040/16-കണമുക്ക് ചിട്ടക്കാട്ടുപടി അന്ത്യാളൻകാവ് എൻജിനീയറിംഗ് കോളേജ് റോഡ്<br>രൂ.360000 | ജസി എബ്രഹാം<br>തത്തും പള്ളിൽ<br>എം.ബുക്ക് നം-50/16<br>ബിൽ നം/തീയതി/തുക<br>36/16/30.1.16<br>359686 | 23.75 @ 7058.78<br>=167646.02 | 23.75 @ 6699.76<br>=159119.3 | 8527 |
| 8. | S042/16- പറയനോലിക്കൽ പടിഞ്ഞാറ്റകര റോഡ് കോൺക്രീറ്റിംഗ്<br>രൂ. 200000 | കെ.റ്റി ശാമുവൽ ,<br>കൈതയ്ക്കൽ<br>എം.ബുക്ക് നം-44/16<br>ബിൽ നം/തീയതി/തുക | 13.20 @ 7058.78=<br>93175.89 | 13.20@ 6699.76<br>=88436.83 | 4739 |

| | | | | | |
|---|---|---|---|---|---|
| | | 55/16/21.3.16<br>199372 | | | |
| 9 | S043/16-ഇളപ്പകൽ ഉണ്ടകാലാപ്പടി റോഡ് കോൺക്രീറ്റിംഗ്<br>രൂ. 48000<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് | പി.കെ. വിജയരാജൻ, പൂതകര<br>എം.ബുക്ക് നം-17/16<br>ബിൽ നം/തീയതി/ഉക<br>26/16/28.1.16<br>47718 | 3.15@ 7058.78<br>=22235.15 | 3.15 @ 6699.76<br>=21104.24 | 1131 |
| 10 | S044/16- കിഴക്കേകാല അഞ്ചുതോട് റോഡ് കോൺക്രീറ്റിംഗ്<br>രൂ. 100000 | ഡേവിഡ് തോമസ്, വാവ് നിൽക്കുന്നതിൽ<br>എം.ബുക്ക് നം-39/16<br>ബിൽ നം/തീയതി/ഉക98883 | 6.53 @ 7058.78=<br>46093.83 | 6.53 @ 6699.76<br>=43749.43 | 2344 |
| 11 | S045/16- പ്രസന്നപ്പടി പാറയ്ക്കു മുകളിൽ എൻജിനീയറിംഗ് കോളേജ്പടി റോഡ് കോൺക്രീറ്റിംഗ്<br>രൂ. 100000 | പ്രസന്ന ദയാനന്ദൻ<br>ധന്യാ ഭവൻ<br>എം.ബുക്ക് നം-49/16<br>ബിൽ നം/തീയതി/ഉക<br>50/16/29.2.16<br>98883 | 6.53 m3<br>@ 7058.78<br>=46093.83 | 6.53 @ 6699.76<br>=43749.43 | 2344 |
| 12 | S047/16- നിരവത്ത് നെട്ടംചേരി റോഡ് കോൺക്രീറ്റിംഗ്<br>രൂ. 150000 | രാജൻ വർഗ്ഗീസ് എം.ബുക്ക് നം-3/16<br>ബിൽ നം/തീയതി/ഉക<br>4/16/30.9.15<br>(149973) | 9.90m3<br>@7058.78<br>=69881.92 | 9.9 @ 6699.76<br>=66327.62 | 3554 |
| 13 | S048/16- കരിക്കാട്ടിൽപ്പടി സി.എസ്.ഐ പടി റോഡ് കോൺക്രീറ്റിംഗ്<br>രൂ. 100000 | റേച്ചൽ ബേബി, കുഴിമുറിയിൽ<br>എം.ബുക്ക് നം-47/16<br>ബിൽ നം/തീയതി/ഉക<br>33/16/30.1.16<br>99978 | 6.60m3 @<br>7058.78=<br>46587.94 | 6.60 @ 6699.76<br>=44218.42 | 2370 |
| 14 | S050/16- കൈതക്കുഴി പതാലിൽ റോഡ് കോൺക്രീറ്റിംഗ് | വിശ്വനാഥൻ നായർ<br>അറയ്ക്കൽ | 13.125 @<br>7058.78 | 13.125 @ 6699.76<br>=87934.35 | 4712 |

| | | | | | |
|---|---|---|---|---|---|
| | രൂ. 200000 | എം.ബുക്ക് നം-30/16<br>ബിൽ നം/തീയതി/ഉക<br>(149973) | =92646.48 | | |
| 15 | S051/16- പാന്തൻപാറ സഖാവ് റോഡ് കോൺക്രീറ്റിംഗ്<br>രൂ. 100000 | രാജീവ് പി.ജോൺ പാന്തൻ പാറയിൽ<br>എം.ബുക്ക് നം-52/16<br>ബിൽ നം/തീയതി/ഉക<br>5/16/30.9.15<br>98883 | 6.53@ 7058.78=<br>46093.83 | 6.53 @ 6699.76<br>=43749.43 | 2344 |
| 16 | S052/16-കാലുയിൽപ്പടി മഞ്ഞപ്ര റോഡ് കോൺക്രീറ്റിംഗ്<br>രൂ. 170000 | സുധീഷ് വി.എം, കിഴക്കേപറമ്പിൽ<br>എം.ബുക്ക് നം-33/16<br>ബിൽ നം/തീയതി/ഉക<br>67/16/31.3.16<br>168813 | 11.15 @7058.78<br>=78705.39 | 11.15 @ 6699.76<br>=74702.32 | 4003 |
| 17 | S053/16- പോസ്റ്റ് ഓഫീസിൽപ്പടി പുളി നിൽക്കുന്നതിൽപ്പടി റോഡ് കോൺക്രീറ്റിംഗ്<br>രൂ-200000 | രഞ്ചിത്ത് പി.ആർ<br>ഇരപ്പൻ പാറയ്ക്കൽ<br>എം.ബുക്ക് നം-37/16<br>ബിൽ നം/തീയതി/ഉക<br>27/16/28.1.16<br>199377 | 13.13m3 @ 7058.78=<br>92681.78 | 13.13 @ 6699.76<br>=87967.85 | 4714 |
| 18 | S054/16- വലിയകുളം മാമൂട്ടിൽപ്പടി റോഡ് കോൺക്രീറ്റിംഗ്<br>രൂ.140000 | സാമുവൽ തോമസ്<br>ഈട്ടിത്തടത്തിൽ<br>എം.ബുക്ക് നം-36/16<br>ബിൽ നം/തീയതി/ഉക<br>30/16/28.1.16<br>139747 | 9.225@<br>7058.78<br>=65117.24 | 9.225 @ 6699.76<br>=61805.29 | 3312 |
| 19 | S055/16- വട്ടക്കാവ് കോട്ടൂർപ്പടി റോഡ് കോൺക്രീറ്റിംഗ്<br>രൂ. 100000 | റ്റി.ആർ ബ്ലഗോപാലൻ നായർ, തേരേത്ത് ഹൗസ്<br>എം.ബുക്ക് നം-34/16<br>ബിൽ നം/തീയതി/ഉക | 6.60 @ 7058.78=<br>46587.94 | 6.60 @ 6699.76<br>=44218.42 | 2370 |

| | | | | | |
|---|---|---|---|---|---|
| | | 72/16/31.3.16<br>99695 | | | |
| 20 | S056/16- വെള്ളപ്പാറ ഈറമല റോഡ് കോൺക്രീറ്റിംഗ്<br>രൂ. 100000 | മാത്തു കുട്ടി എം.ജെ.മണലേൽ<br>എം.ബുക്ക് നം-27/16<br>ബിൽ നം/തീയതി/ഉക<br>17/16/14.1.16<br>99978 | 6.60 @<br>7058.78<br>=46587.94 | 6.60 @ 6699.76<br>=44218.42 | 2370 |
| 21 | S098/16- വെല്ലൂർപ്പടി എം.എൻ ലക്ഷം വീട് റോഡ് കോൺക്രീറ്റിംഗ്<br>രൂ. 50000 | പ്രസന്ന, ലക്ഷം വീട്<br>എം.ബുക്ക് നം-14/16<br>ബിൽ നം/തീയതി/ഉക<br>16/16/14.1.16<br>49984 | 3.30 @ 7058.78<br>=23293.97 | 3.30 @ 6699.76<br>=22109.21 | 1185 |
| 22 | S099/16- തെക്കേക്കര മോഡിയിൽ റോഡ് കോൺക്രീറ്റിംഗ്<br>രൂ.100000 | ഉഷ എസ് നായർ, തെക്കേക്കര<br>എം.ബുക്ക് നം-23/16<br>ബിൽ നം/തീയതി/ഉക<br>18/16/14.1.16<br>99407 | 6.60 @<br>7058.78<br>=46587.94 | 6.60 @ 6699.76<br>=44218.42 | 2370 |
| 23 | S100/16- ചെങ്കീരേത്ത് ചക്കപാറ തെക്കേ ചരിവ് റോഡ് കോൺക്രീറ്റിംഗ്<br>രൂ.150000 | ജയ്മോൻ കെ വർഗ്ഗീസ് .<br>കാക്കനാട്ട്<br>എം.ബുക്ക് നം-40/16<br>ബിൽ നം/തീയതി/ഉക<br>70/16/31.3.16<br>148799 | 9.82 @7058.78=<br>69317.21 | 9.82 @ 6699.76<br>=65791.64 | 3526 |
| 24 | S102/16- നിരന്നകാല തേക്കിൽകാലാപടി റോഡ് കോൺക്രീറ്റിംഗ്<br>രൂ. 200000 | കെ.എ തോമസ് വർഗ്ഗീസ്<br>കിഴക്കേതിൽ<br>എം.ബുക്ക് നം-21/16<br>ബിൽ നം/തീയതി/ഉക<br>58/16/21.3.16<br>198066 | 13.10 @ 7058.78<br>=92470 | 13.10 @ 6699.76<br>=87766.85 | 4703 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 25 | S105/16- പുത്തൻ പറമ്പിൽ പടി ഉണ്ടുപാറകക്കണ്ണി റോഡ് കോൺക്രീറ്റിംഗ്<br>രൂ- 260000 | രാജീവ് കെ.കെ<br>ജിത്തു ഭവൻ<br>എം.ബുക്ക് നം-24/16<br>ബിൽ നം/തീയതി/തുക<br>59/16/21.3.16<br>257902 | 27m3@<br>7058.78<br>=190587.06 | 27 @ 6699.76<br>=180893.52 | 9694 |
| 26 | S107/16 നിരവത്ത് ഐക്കഴപ്പടി റോഡ് കോൺക്രീറ്റിംഗ്<br>രൂ- 173000 | പി.എസ്.ഗംഗപ്രസാദ്<br>വാവോലിക്കൽ<br>എം.ബുക്ക് നം-12/16<br>ബിൽ നം/തീയതി/തുക<br>32/16/28.1.16<br>170219 | 11.238 @ 7058.78=<br>79326.56 | 11.238 @ 6699.76<br>=75291.90 | 4035 |
| 27 | S109/16 ചീനിക്കാല തെക്കപ്പടി റോഡ് കോൺക്രീറ്റിംഗ്<br>രൂ. 150000 | ഗോപാലകൃഷ്ണൻ<br>താഴെ കൈതയ്ക്കൽ<br>എം.ബുക്ക് നം5/16<br>ബിൽ നം/തീയതി/തുക<br>6/16/17.12.15<br>149973 | 9.90@ 7058.78<br>=69881.92 | 9.9 @ 6699.76<br>=66327.62 | 3554 |
| 28 | S110/16 തെക്കേക്കര കൈതയ്ക്കൽ റോഡ് കോൺക്രീറ്റിംഗ്<br>രൂ. 100000 | ഗോപാലകൃഷ്ണൻ നായർ<br>വൃന്ദാവനം<br>എം.ബുക്ക് നം-26/16<br>ബിൽ നം/തീയതി/തുക<br>28/16/28.1.16<br>99407 | 6.60m3 @<br>7058.78<br>=46587.94 | 6.6 @ 6699.76<br>=44218.42 | 2370 |
| 29 | S112/16 പൂവാല്യകുന്നിൽപ്പടി ചക്കങ്കൽ മുരുപ്പ് റോഡ് കോൺക്രീറ്റിംഗ്<br>രൂ 100000 | ഉദയൻ എം.കെ<br>സുധീഷ് ഭവൻ<br>എം.ബുക്ക് നം-25/16<br>ബിൽ നം/തീയതി/തുക | 6.60m3 @<br>7058.78<br>=46587.94 | 6.6 @ 6699.76<br>=44218.42 | 2370 |

| | | | | | |
|---|---|---|---|---|---|
| | | 29/16/28.1.16<br>99407 | | | |
| 30 | S113/16 ഏഴിപ്പരപ്പടി തറപ്പരയിടത്തിൽ റോഡ് കോൺക്രീറ്റിംഗ്<br>രൂ.200000 | ഗോപി റ്റി.യു,<br>തറപുരയിടത്തിൽ<br>എം.ബുക്ക് നം-41/16<br>ബിൽ നം/തീയതി/തുക<br>56/16/21.3.16<br>198066 | 13.10@ 7058.78=<br>92470.01 | 13.10 @ 6699.76<br>=87766.85 | 4703 |
| 31 | S114/16 ഓലിച്ചിറ പമ്പ് ഹൗസ് റോഡ് കോൺക്രീറ്റിംഗ്<br>രൂ.150000 | വിക്രമൻ നായർ,<br>ഓലിച്ചിറയ്ക്കൽ<br>എം.ബുക്ക് നം-10/16<br>ബിൽ നം/തീയതി/തുക<br>61/16/29.3.16<br>149972 | 9.90m3 @<br>7058.78=<br>69881.92 | 9.9 @<br>6699.76=<br>66327.62 | 3554 |
| 32 | S115/16 ചാങ്ങുരത്തിൽപ്പടി തൊട്ടുവേൽപ്പടി റോഡ് കോൺക്രീറ്റിംഗ്<br>രൂ.150000 | മധു റ്റി.കെ, പുന്നശ്ശേരി തറയിൽ<br>എം.ബുക്ക് നം-46/16<br>ബിൽ നം/തീയതി/തുക<br>71/16/31/3/16<br>148641 | 9.8@ 7058.78<br>=69176.04 | 9.8 @ 6699.76<br>=65657.65 | 3518 |
| 33 | S119/16 ഊറമല വെള്ളപ്പാറ റോഡ് കോൺക്രീറ്റിംഗ്<br>രൂ.100000 | രാധാകൃഷ്ണൻ കെ.കെ<br>കണിയാൻ പതാലിൽ<br>എം.ബുക്ക് നം-65/16<br>ബിൽ നം/തീയതി/തുക<br>99981 | 6.60 @ 7058.78=<br>46587.94 | 6.6 @ 6699.76<br>=44218.42 | 2370 |
| 34 | S120/16 കടമ്മനിട്ട ജി.വി.എച്ച്.എസ്.- കടില്ലകുഴി റോഡ് കോൺക്രീറ്റിംഗ്<br>രൂ.290000 | വി.ജി രാധാകൃഷ്ണൻ<br>വടക്കേപറമ്പിൽ<br>എം.ബുക്ക് നം-2/16<br>ബിൽ നം/തീയതി/തുക | 19.13@<br>7058.78<br>=135034.46 | 19.13 @ 6699.76<br>=128166.41 | 6868 |

| | | | | | |
|---|---|---|---|---|---|
| | | 31/16/28.1.16<br>289758 | | | |
| 35 | S122/16 കൊല്ലമ്പറമ്പിൽ ഏറാട്ടുപടി നടപ്പാത കോൺക്രീറ്റിംഗ്<br>രൂ.100000 | ചന്ദ്രശേഖരൻ നായർ<br>വല്യവീട്ടിൽ<br>എം.ബുക്ക് നം-8/16<br>ബിൽ നം/തീയതി/തുക<br>15/16/14.1.16<br>99218/ | 5.23@ 7058.78<br>=36917.41 | 5.23 @ 6699.76<br>=35039.75 | 1878 |
| 36 | S123/16 പ്ലാക്കൽ - ചാത്തുകാവ് റോഡ് കൊരട്ടിക്കരപ്പടി ഭാഗം റോഡ് കോൺക്രീറ്റിംഗ്<br>രൂ. 140000 | വർഗ്ഗീസ് വി.ജെ,<br>വാഴക്കുന്നത്ത്<br>എം.ബുക്ക് നം-13/16<br>ബിൽ നം/തീയതി/തുക<br>45/16/26.2.16<br>139710 | 9.22m3 @7058.78=<br>65081.95 | 9.22 @ 6699.76<br>=61771.79 | 3310 |
| 37 | S125/16 കടമ്മനിട്ട കുരിശടി ആമപ്പാറ റോഡ് കോൺക്രീറ്റിംഗ്<br>രൂ.100000 | ജോർജ് റ്റി എബ്രഹാം<br>തടത്തിൽ<br>എം.ബുക്ക് നം-11/16<br>ബിൽ നം/തീയതി/തുക<br>44/16/26.2.16<br>99974 | 6.60 @ 7058.78<br>=46587.94 | 6.60 @ 6699.76<br>=44218.42 | 2370 |
| 38 | S126/16 വല്യന്തി -ശവക്കോട്ട നടപ്പാത കോൺക്രീറ്റിംഗ്<br>രൂ.100000 | ബിനു സാമുവൽ, കാലായിൽ<br>എം.ബുക്ക് നം-9/16<br>ബിൽ നം/തീയതി/തുക<br>47/16/26.2.16<br>99218 | 5.23@<br>7058.78<br>=36917.42 | 5.23 @ 6699.76<br>=35039.7 | 1878 |
| 39 | S128/16 പ്ലാന്തോട്ടത്തിൽ ുക്കനാൽ നടപ്പാത കോൺക്രീറ്റിംഗ്<br>രൂ. 125000 | മാത്യൂ തോമസ്<br>പ്ലാം കൂട്ടത്തിൽ<br>എം.ബുക്ക് നം-15/16 | 8.20 @ 7058.78=<br>57881.99 | 8.2@ 6699.76<br>=54938 | 2944 |

| | | | | | |
|---|---|---|---|---|---|
| | | ബിൽ നം/തീയതി/തുക<br>20/16/14.1.16<br>124143 | | | |
| 40 | S143/16 കളരിയ്ക്കൽ നടപ്പാത കോൺക്രീറ്റിംഗ്<br>രൂ.50000 | രഘൂത്തമൻ നായർ<br>, പെരുമ്പ്രേൽ വീട്<br>എം.ബുക്ക് നം-67/16<br>ബിൽ നം/തീയതി/തുക<br>69/16/31.3.16<br>49354 | 2.60 @ 7058.78<br>=18352.82 | 2.60@ 6699.76<br>=17419.38 | 933 |
| 41 | S144/16 കണ്ടകുളം വടക്കേകുറ്റം കന്നിട്ടുംകുഴി റോഡ് കോൺക്രീറ്റിംഗ്<br>രൂ.100000 | തരകൻ ഡാനിയൽ<br>കുറ്റിയിൽ<br>എം.ബുക്ക് നം-22/16<br>ബിൽ നം/തീയതി/തുക<br>19/16/14.1.16<br>99695 | 6.60 @ 7058.78=<br>46587.95 | 6.60 @ 6699.76<br>=44218.42 | 2370 |
| 42 | S145/16 വഴിത്താനം കല്ലൂർ വാട്ടർ ടാങ്ക് റോഡ് കോൺക്രീറ്റിംഗ്<br>രൂ. 140000 | സന്തോഷ്.എസ്,<br>വഴിത്താനത്ത്<br>എം.ബുക്ക് നം-51/16<br>ബിൽ നം/തീയതി/തുക<br>45/16/26.2.16<br>139710 | 9.22@ 7058.78<br>=65081.95 | 9.22 @ 6699.76<br>=61771.78 | 3310 |
| 43 | S146/16 കല്ലേലി മാർത്തോമ പള്ളിപ്പടി കല്ലേലി നടപ്പാത കോൺക്രീറ്റിംഗ്<br>രൂ. 200000 | എബ്രഹാം തോമസ് , കോട്ടാരേത്ത്<br>എം.ബുക്ക് നം-43/16<br>ബിൽ നം/തീയതി/തുക<br>68/16/31.3.16<br>(199310) | 10.5m3@<br>7058.78<br>=74117.19 | 10.5 @ 6699.76<br>=70347.48 | 3770 |
| 44 | S147/16 കരിക്കാട്ടിൽ പൊൻപറമ്പിൽപ്പടി നടപ്പാത കോൺക്രീറ്റിംഗ് | സലിം, തടത്തുകാലായിൽ<br>എം.ബുക്ക് നം-20/16 | 5.2@ 7058.78=<br>36705.65 | 5.2@ 6699.76<br>=34838.75 | 1867 |

| | | | | | |
|---|---|---|---|---|---|
| | രൂ.100000 | ബിൽ നം/തീയതി/തുക<br>38/16/30.1.16<br>98706 | | | |
| 45 | S148/16 ചിറയ്ക്കൽപ്പടി ഏറത്ത് കരുമല റോഡ് കോൺക്രീറ്റിംഗ്<br>രൂ.120000 | രാജേഷ് കുമാർ കെ.ആർ,<br>കാരുമല<br>എം.ബുക്ക് നം-1/16<br>ബിൽ നം/തീയതി/തുക<br>46/16/26.2.16<br>119483 | 7.90 @ 7058.78=<br>55764.36 | 7.9 @ 6699.76<br>=52928.11 | 2836 |
| 46 | S151/16 കറുംതോട്ടിക്കൽപ്പടി -പുതുപ്പറമ്പിൽപ്പടി റോഡ് കോൺക്രീറ്റിംഗ്<br>രൂ.109071 | കമലാസനൻ<br>പടിഞ്ഞാറേ വല്യത്ത്<br>എം.ബുക്ക് നം- 19/16<br>ബിൽ നം/തീയതി/തുക<br>49/16/29.2.16<br>109071 | 7.20 @ 7058.78=<br>50823.21 | 7.2 @ 6699.76<br>=48238.27 | 2585 |
| 47 | S152/16<br>ഉണ്ടുകാല താഴത്തേതിൽപ്പടി റോഡ് കോൺക്രീറ്റിംഗ്<br>രൂ.250000 | ജിനി രതീഷ്, കടമ്മനിട്ട<br>എം.ബുക്ക് നം-16/16<br>ബിൽ നം/തീയതി/തുക<br>34/16/30.1.16<br>249415 | 16.43<br>@7058.78<br>=115975.75 | 16.43 @ 6699.76<br>=110077.39 | 5899 |
| 48 | S153/16<br>ഉണ്ടുകാല ചാരുമ്മൂട്ടിൽപ്പടി റോഡ് കോൺക്രീറ്റിംഗ്<br>രൂ.151732 | സഹദേവൻ പിള്ള<br>കാര്യാലിൽ മുരുപ്പേൽ<br>എം.ബുക്ക് നം-18/16<br>ബിൽ നം/തീയതി/തുക<br>65/16/31.3.16<br>151732 | 10.02m3 @<br>7058.78=<br>70728.97 | 10.02 @ 6699.76<br>=67131.60 | 3597 |
| 49 | S155/16 തോന്ന്യാമല മാർത്തോമ പള്ളിപ്പടി റോഡ് കോൺക്രീറ്റിംഗ്<br>രൂ.303221 | അനിൽ കുമാർ സി.എൻ<br>ചക്കു പാറ കിഴക്കേ ചരുവിൽ<br>എം.ബുക്ക് നം-58/16<br>ബിൽ നം/തീയതി/തുക | 20.02@<br>7058.78<br>= 141316.77 | 20.02 @ 6699.76<br>=134129.20 | 7188 |

| | | | | | |
|---|---|---|---|---|---|
| | | 78/16/31.3.16<br>303221/ | | | |
| 50 | S156/16 കോട്ടപ്പാറ കക്കണ്ണി റോഡ് കോൺക്രീറ്റിംഗ്<br>രൂ.109071 | രാജു തോമസ്<br>കക്കണ്ണിയിൽ<br>എം.ബുക്ക് നം-42/16<br>ബിൽ നം/തീയതി/തുക<br>49/16/29.2.16<br>109071 | 7.2 m3 @ 7058.78=<br>50823.21 | 7.2 @ 6699.76<br>=48238.27 | 2585 |
| 51 | S166/16 പുത്തൻ പറമ്പിൽപ്പടി ഐക്കുഴപ്പടി റോഡ് കോൺക്രീറ്റിംഗ്<br>രൂ.300000 | പി ജി കുര്യൻ<br>പൊയ്യാനിൽ<br>എം.ബുക്ക് നം-45/16<br>ബിൽ നം/തീയതി/തുക<br>63/16/29.3.16<br>286753 | 14.90 m3@<br>7058.78=<br>105175.82 | 14.90 @ 6699.76<br>=99826.42 | 5349 |
| 52 | S170/16 ഉണ്ടിയിൽ നടപ്പാത കോൺക്രീറ്റിംഗ്<br>രൂ. 60000 | അനീഷ്, ഉണ്ടിയിൽ<br>എം.ബുക്ക് നം-53/16<br>ബിൽ നം/തീയതി/തുക<br>75/16/31.3.16<br>59630 | 3.68@ 7058.78=<br>25976.31 | 3.68 @ 6699.76<br>=24655.12 | 1321 |
| 53 | S171/16 കൃപാപുരം ഇളവരത്തി റോഡ് കോൺക്രീറ്റിംഗ്<br>രൂ.125000 | പി.എസ് മാത്യൂ,<br>പാലയ്ക്ക തറയിൽ<br>എം.ബുക്ക് നം-6/16<br>ബിൽ നം/തീയതി/തുക<br>21/16/14.1.16<br>124258 | 8.20 @ 7058.78=<br>57881.99 | 8.2 @ 6699.76<br>=54938.03 | 2944 |
| 54 | S172/16 പാറയിൽപ്പടി നടപ്പാത കോൺക്രീറ്റിംഗ്<br>രൂ.100000 | പി.എസ്.ജോൺ, പാറയ്ക്ക് മുകളിൽ<br>എം.ബുക്ക് നം-48/16<br>ബിൽ നം/തീയതി/തുക | 6.56m3<br>@ 7058.78<br>=46305.59 | 6.56 @ 6699.76<br>=43950.43 | 2355 |

| | | | | | |
|---|---|---|---|---|---|
| | | 85/16/31.3.16<br>99395 | | | |
| 55 | 185/16 വെള്ളപ്പാറ കല്ലഴം കോളനി നടപ്പാത കോൺക്രീറ്റിംഗ്<br>രൂ. | ഹരി.കെ.എൻ,കല്ലഴത്തിൽ<br>എം.ബുക്ക് നം-57/16<br>ബിൽ നം/തീയതി/തുക<br>79/16/31.3.16<br>120536 | 6.35m3 @ 7058.75<br>=44823.25 | 6.35 @ 6699.76<br>=42543.48 | 2280 |
| 56 | S192/16 മുത്തമരത്തിൽ കോളനി നടപ്പാത കോൺക്രീറ്റിംഗ്<br>രൂ.300000 | എം.കെ ശശിധരൻ, മുരുമരത്തിൽ<br>എം.ബുക്ക് നം-60/16<br>ബിൽ നം/തീയതി/തുക<br>62/16/29.3.16<br>299179/ | 19.75 @7058.78<br>=139410.90 | 19.75 @ 6699.76<br>=132320.26 | 7091 |
| 57 | S193/16 ഋഷികേശ ക്ഷേത്രം - ഈറയ്ക്കൽ റോഡ് കോൺക്രീറ്റിംഗ്<br>രൂ.100000 | കെ.ആർ ശ്രീകുമാർ, കോനാട്ട്<br>എം.ബുക്ക് നം-55/16<br>ബിൽ നം/തീയതി/തുക<br>86/16/31.3.16<br>(99795/)- | 6.37m3 @7297.15<br>=46482.84 | 6.37 @ 6926<br>=44118.62 | 2364 |
| 58 | S194/16 കടമ്മനിട്ട പോസ്റ്റ് ഓഫീസ് പടി മലയിൽ തടത്തിൽപ്പടി റോഡ് കോൺക്രീറ്റിംഗ്<br>രൂ.110000/ | പുരുഷോത്തമൻ നായർ, പുലച്ചരുവിൽ<br>എം.ബുക്ക് നം-56/16<br>ബിൽ നം/തീയതി/തുക<br>81/16/31.3.16<br>109192 | 6.97m3 @7297.15<br>=50861.13 | 6.97 @ 6926<br>=48274.22 | 2587 |
| 59 | S196/16 സ്വാമിപ്പടി പരുത്തിയിൽ -എം .റ്റി.എൽ.പി.എസ് റോഡ് കോൺക്രീറ്റിംഗ്<br>രൂ.210000/ | ഫിലിപ്പ് അഞ്ചാനി, അഞ്ചാനിയിൽ<br>എം.ബുക്ക് നം-66/16<br>ബിൽ നം/തീയതി/തുക<br>64/16/29.3.16<br>209648 | 13.84m3 @7058.78=<br>97693.50 | 13.84 @ 6699.76<br>=92274.67 | 5419 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | | | | | 213466 |

മേൽ പറഞ്ഞ പ്രകാരം അധികം നൽകിയ 213466 രൂപ ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുകകൾ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി നൽകിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## (3-19) അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - പൊതുവായ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പൊതുവായ അപാകതകൾ/ന്യൂനതകൾ ചുവടെ ചേർക്കുന്നു.

(എ)പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

1. നിർമ്മാണ പ്രവർത്തികളുടെ എസ്റ്റിമേറ്റ് സുഗമ സോഫ്റ്റ്വെയർ ഉപയോഗിച്ച് അല്ല തയ്യാറാക്കുന്നതെങ്കിൽ പ്രാദേശിക ഭാഷയിൽ തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല.
2. നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച്, പ്രവൃത്തി നടത്തുന്ന കോൺട്രാക്ടറുടെ പേര്, ഫോൺ നമ്പർ, എഞ്ചനീയറുടെ പേരും ഫോൺ നമ്പറും, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണെന്നും, ഡിസ്പ്ലേ ബോർഡിന് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്നും ഉള്ള നിർദ്ദേശം പാലിച്ചിട്ടില്ല.
3. ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും, റോഡ് കണക്ടിവിറ്റ് പ്ലാനും നിർബന്ധമായും തയ്യാറാക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല.
4. ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനൊടൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്ന നിബന്ധന പാലിക്കുന്നില്ല.
5. ഗുണഭോക്തൃ സമിതിയുടെ ചെയർമാനും, കൺവീനറും അംഗങ്ങളും പ്രോജക്ടിൽ പറഞ്ഞിട്ടുള്ള പദ്ധതി പ്രദേശത്തെ നിവാസികൾതന്നെയാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും, സാക്ഷ്യപ്പെടുത്തിയ രേഖ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് ഫയലിൽ ലഭ്യമാക്കണമെന്നുമുള്ള നിബന്ധന പാലിച്ചിട്ടില്ല.

(ബി)എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പുനരുദ്ധാരണം ആവശ്യമായ റോഡുകളുടെ മുഴുവൻ നീളത്തിനും എസ്റ്റിമേറ്റ് തയ്യാറാക്കാതെ റോഡുകളെ ചെറിയ ചെറിയ റീച്ചുകളാക്കി മാറ്റി പ്രോജക്ട് തയ്യാറാക്കുന്നു. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറിയ അടങ്കൽ തുകയുള്ള അസംഖ്യം റോഡ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാൽ ഒരു റോഡു പോലും പൂർണ്ണമായി ഗതാഗത യോഗ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് കഴിയുന്നില്ല.
2. റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ റോഡിന്റെ പേരല്ലാതെ ഏതുഭാഗം മുതൽ ഏതു ഭാഗം വരെയെന്ന വിവരം ചെയ്നേജ് സഹിതം പ്രോജക്ടിലും, എസ്റ്റിമേറ്റിലും ചേർക്കുന്നില്ല.
3. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങളുടെ, പ്രത്യേകിച്ച് നിരീക്ഷണ ഡാറ്റ (Observed data) തയ്യാറാക്കി നടത്തുന്ന പ്രവൃത്തികളുടെ കാര്യത്തിൽ, അംഗീകരിച്ച ഡാറ്റാ ഷീറ്റ് എസ്റ്റിമേറ്റിനോടൊപ്പം ഹാജരാക്കിയിട്ടില്ല.
4. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക്, തുക ഡെപ്പോസിറ്റ് ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങളിൽനിന്നുള്ള (KSEB, KWA) അനുമതി പത്രം ഹാജരാക്കുന്നില്ല.

(സി)പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തിയില്ല

പ്രോജക്ടുകളുടെ മോണിറ്ററിംഗ് ചുമതല ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പിനാണ്. അതിനായി വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. എന്നാൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. പ്രവൃത്തികളുടെ കംപ്ലീഷൻ റിപ്പോർട്ടുകളും ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

## (3-20) ഗുണഭോക്തൃസമിതി മുഖാന്തിരമുള്ള പ്രവൃത്തി- സുതാര്യതയില്ലാത്തത്

2015-16-ലെ വാർഷിക പദ്ധതി പ്രകാരം നടപ്പിലാക്കിയ 74 മരാമത്ത് പ്രവൃത്തികളിൽ ഒരെണ്ണം ഒഴികെ മറ്റെല്ലാം ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചുള്ളവയായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഷിക പദ്ധതി ഉൾപ്പെടുത്തിയത് | നിർവ്വഹണ രീതി | അടങ്കൽ | നടപ്പാക്കിയത് |
|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| 83 | കരാർ | ഗുണഭോക്തൃസമിതി | | നടപ്പിലാക്കിയത് | ആകെ ചെലവ് |
| | 1 | 82 | 16703874 | 74 | 11994458 |

ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾ എല്ലാം തന്നെ കരാറുകാരാണ് നടപ്പിലാക്കിയിട്ടുള്ളതെന്നാണ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ വ്യക്തമാകുന്നത്. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(5) പ്രകാരം ഗുണഭോക്തൃസമിതി മുഖേന പഞ്ചായത്ത് ചെയ്യുന്ന പൊതുമരാമത്ത് പണിയുടെ കാര്യത്തിൽ ബിനാമി ഇടപാട് പാടില്ലാത്തതും ബിനാമി ഇടപാട് വെളിപ്പെടുന്ന പക്ഷം ഗുണഭോക്തൃസമിതിയുടെ കൺവീനർ പഞ്ചായത്തുമായി വച്ചിട്ടുള്ള കരാർ റദ്ദാക്കപ്പെടുന്നതും, ഗുണഭോക്തൃസമിതിയുടെ നഷ്ടോത്തരവാദത്തിൽ പ്രസ്തുത പണി പഞ്ചായത്ത് നേരിട്ടോ കരാറുകാരൻ മുഖേനയോ പൂർത്തിയാക്കപ്പെടേണ്ടതും, ബിനാമി ഇടപാടിന് കാരണക്കാരായവരെ പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിന് ഉത്തരവാദികളായി കണക്കാക്കുന്നതുമാണ്.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ, ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന പണികൾ നടത്തുന്നതിനായുള്ള നടപടി ക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/13/തസ്വഭവ പ്രകാരം ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD/12/13 പ്രകാരം ടി വിഷയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അസി. എഞ്ചിനീയർമാർക്കും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പാടെ അവഗണിച്ചാണ് ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതുമാണ്. 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസി.എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി.എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ ക്യാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി.എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഗുണഭോക്തൃസമിതിയുടെ ചെയർമാനും, കൺവീനറും അംഗങ്ങളും പ്രോജക്ടിൽ പറഞ്ഞിട്ടുള്ള ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾതന്നെ ആയിരിക്കണമെന്നും ആയത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥന് നൽകണമെന്നും പദ്ധതി നിർവ്വഹണമാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി വ്യവസ്ഥകൾ ഒന്നും ഗ്രാമപഞ്ചായത്തിലെ കൺവീനർ പ്രവൃത്തികളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. കൺവീനർമാർ ഹാജരാക്കിയിട്ടുള്ള ചെലവ് കണക്കുകളും, മസ്റ്റർ റോളും, ക്യാഷ് ബില്ലുകളും സുതാര്യതയില്ലാത്തതാണ്. കൺവീനർമാർ ആരും തന്നെ പണിനടത്തുന്നതിലേക്കായി ഗ്രാമപഞ്ചായത്തിൽനിന്നും മൊബലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടില്ലെന്നതും ശ്രദ്ധേയമായ കാര്യമാണ്.

ഗുണഭോക്തൃസമിതികൾ മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികളിൽ ഏറിയ പങ്കും വൻ ലാഭം കിട്ടുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. ഇതേ കാലയളവിൽ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നടത്തിയിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിനേക്കാൾ 33% കുറഞ്ഞനിരക്കിൽ കരാറുകാർ ടെണ്ടർ സമർപ്പിച്ചിട്ടുള്ളതായി പരിശോധനയിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്രവൃത്തികൾ മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ച് സുതാര്യമായി നടപ്പിലാക്കിയിരുന്നുവെങ്കിൽ ടെണ്ടർ ഫാറം വില്പന ഇനത്തിലും, ടെണ്ടർ സേവിംഗ്സ് ഇനത്തിലും ലക്ഷകണക്കിന് രൂപ ഗ്രാമപഞ്ചായത്തിന് നിശ്ചയമായും ലാഭിക്കാമായിരുന്നു. കൂടാതെ, ഇ.എം.ഡി, സെക്യൂരിറ്റി ഇനത്തിൽ ലഭിക്കുമായിരുന്ന തുകകളും ഗ്രാമപഞ്ചായത്തിന് വലിയൊരു മുതൽ കൂട്ടാകുമായിരുന്നു. കൺവീനർ പ്രവൃത്തിയുടെ മറവിൽ കരാറുകാർ പ്രവൃത്തി നടത്തുമ്പോൾ പിഴ ഒടുക്കാതെ പ്രവൃത്തി വർഷങ്ങളോളം നീട്ടികൊണ്ടു പോകുന്നതിനും, പ്രവൃത്തി നിർവ്വഹണത്തിലുണ്ടാകുന്ന വീഴ്ചകളുടെ ബാദ്ധ്യതയിൽനിന്നും ഒഴിവാകുന്നതിനും സാധിക്കും.

നിർമ്മാണ പ്രവൃത്തികളുടെ നടത്തിപ്പിൽ കരാർ രാജ് ഒഴിവാക്കുന്നതിനും, ജനപങ്കാളിത്തത്തോടെ സുതാര്യമായും, ഗുണനിലവാരം പുലർത്തിയും ചെലവ് ചുരുക്കിയും നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നതിനും വേണ്ടിയാണ് സർക്കാർ ഗുണഭോക്തൃസമിതികൾ മുഖാന്തിരം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നത്. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും ഇക്കാര്യം പരാമർശിച്ചിരുന്നത് അസിസ്റ്റന്റ് എൻജിനീയർ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നുവെങ്കിലും ഇക്കാര്യം വിശദമായി ചർച്ച ചെയ്യാതെ തന്നെ എല്ലാ പ്രവൃത്തികളും ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്താൻ കമ്മിറ്റി തീരുമാനമെടുക്കുകയായിരുന്നു. ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള പ്രവൃത്തികൾ സുതാര്യമല്ലാത്തതിനെ സംബന്ധിച്ച് വിശദമായ അന്വേഷണം സർക്കാർ തലത്തിൽ നടത്തുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## **(3-21)** <u>സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പിലാക്കി</u>

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ടുമാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂ എന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർച്ചിരുന്നു (സ.ഉ.(എം.എസ്.)നമ്പർ 225/12/ തസ്വഭവ, തീ. 18.08.12 – അനുബന്ധം 1, പാര. 12(viii)]. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കാതെ ഓഡിറ്റ് വർഷം നടപ്പിലാക്കിയ 104.75ലക്ഷം രൂപ അടങ്കലുണ്ടായിരുന്ന 64 പ്രവൃത്തികൾ റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിനുള്ളവയായിരുന്നു. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറിയ നീളം റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിനുള്ള പ്രോജക്ടുകളാണ് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളവയിൽ ഏറെയും. റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് മുൻ വർഷങ്ങളിൽ ചെയ്ത റോഡുകളുടെ മെയിന്റനൻസ് നടത്തുന്നതിന് പകരം റോഡുകൾ കോൺക്രീറ്റിംഗ് ചെയ്യുന്നതിന് കമ്മിറ്റി തീരുമാനമെടുക്കുകയും പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തു.

മെറ്റലിംഗിനും, ടാറിംഗിനും നിർമ്മാണ സാമഗ്രികൾ സംഭരിച്ച് അളവ് തിട്ടപ്പെടുത്തി എം. ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ട്. പ്രവൃത്തിക്ക് ആവശ്യമായ അളവിൽ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചിട്ടുണ്ടെന്നും, ഗുണനിലവാരം പുലർത്തിയാണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്നും ഉറപ്പിക്കാൻ ഈ നടപടിമൂലം സാധിക്കും. എന്നാൽ റോഡ് കോൺക്രീറ്റിംഗിന് നിർമ്മാണ സാമഗ്രികൾ സംഭരിച്ച് അളവ് തിട്ടപ്പെടുത്തേണ്ടതില്ലാത്തതിനാൽ ആവശ്യത്തിന് നിർമ്മാണ സാമഗ്രികൾ ഉപയോഗിക്കാതെ പ്രവൃത്തി നടത്തി കരാറുകാരന് അധികലാഭം ഉണ്ടാക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുന്നു. ആവശ്യത്തിന് സിമന്റ് ഉപയോഗിക്കാതിരിക്കുക, എം.സാന്റിന് പകരം പാറപ്പൊടി ഉപയോഗിക്കുക, കോൺക്രീറ്റിന് ശേഷം ആവശ്യമായ ക്യൂറിംഗ് നൽകാതിരിക്കുക തുടങ്ങിയ അപാകതകളും വ്യാപകമാണ്. ഇവയെല്ലാം പ്രവൃത്തിയുടെ ഗുണനിലവാര തകർച്ചയ്ക്ക് കാരണമാകുന്നു. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറിയ നീളം (50 മുതൽ 150 മീറ്റർവരെ) റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പിലാക്കുന്ന പ്രവണത ശരിയല്ല.

ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെയും, എൽ.എസ്.ജി.ഡി. അധികാരികളുടെയും സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു. ഓഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്ന നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## (4-1) ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടവാക്കിയ തുക | ഡി.ഡി നം/ തീയതി . | നിർവ്വഹണ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 7/16 | സ്ട്രീറ്റ് ലൈറ്റിനുവേണ്ടി ലൈൻ സ്ഥാപിക്കൽ | 43600 | 300039/3/1/16 | കെ.എസ്.ഇ.ബി | വിനിയോഗരേഖകൾ ലഭിച്ചിട്ടില്ല |
| 2 | 9/16 | തെരുവ്വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 264448 | 300023/19.9.15 | വാട്ടർ അതോറിറ്റി | മീറ്ററുകൾ സ്ഥാപിച്ചു. എന്നാൽ വിനിയോഗ രേഖകൾ നൽകിയിട്ടില്ല |

## (4-2) മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## (4-3) വായ്പ/വായ്പ തിരിച്ചടവ്

വായ്പയുടെയും തിരിച്ചടവിന്റേയും തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.(മുതൽ പൂർണ്ണമായും തിരിച്ചടച്ചു)

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന മുതൽ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| E.M.S ഭവന പദ്ധതി | 9089750 | 1060438 | 1060438 | - | 454842(പലിശ) |

## (4-4) സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## (4-5) ഓഡിറ്റ് റിക്കവറി

--ഇല്ല--

## (4-6) സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

## (4-7) ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉക ഉൾപ്പെടെ) | 39355060 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 32076872 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 233466 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 479400 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-18 | | 213466}ഉല്യമായി | ശ്രീമതി.സുജ.വി, അസിസ്റ്റന്റ് എൻജിനീയർ<br>ശ്രീമതി.എം.എസ് ലത, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |
| 3-6 | | 20000 | ഡോ.സജികുമാർ പി.എൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| | | 233677 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-6 | 30000 | ഡോ.സജികുമാർ പി.എൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-7 | 48000 | ഡോ.സജികുമാർ പി.എൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-10 | 151400 | ഡോ.സജികുമാർ പി.എൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-11 | 115000 | ഡോ.സജികുമാർ പി.എൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-12 | 70000 | ഡോ.അനിൽ.കെ,വെറ്ററിനറി സർജൻ |
| 3-13 | 65000 | ആർ .ശ്രീകുമാർ, സെക്രട്ടറി |
| | 479400 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

-

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സുജ.വി, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, നാരങ്ങാനം | നവമി, കിടങ്ങന്നൂർ (പി.ഒ)<br>പത്തനം തിട്ട |
| ശ്രീമതി ലത.എം.എസ്<br>അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി<br>ഇലന്തൂർബ്ലോക്ക് പഞ്ചായത്ത് | മാരേറ്റ് തെക്കേവീട്ടിൽ<br>പുതുശ്ശേരി.പി.ഒ<br>തിരുവല്ല-689602 |
| ഡോ.സജികുമാർ പി.എൻ, മെഡിക്കൽ ഓഫീസർ | സിവിൽ സർജൻ, സി.എച്ച്.സി, വാമനപുരം | കൃഷ്ണ കൃപ, റ്റി.സി നമ്പർ 31/205(1), ഐ.റ്റി.ഐ ജംഗ്ഷൻ, ചാക്കയിൽ |

## (4-8) തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| *ഓഡിറ്റ് വർഷം* | *ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം* | *തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം* |
|---|---|---|
| 1996-97(വരവ്) | എൽ.എഫ്.പി.റ്റി.എ-പി 11/352/2008 തീയതി 29-4-2009 | FULL |
| 1996-97(ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/9/1998 തീയതി 9-10-00/27-2-01 | 2 |
| 1997-98<br>(ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി 3/316/1999 തീയതി 10-01-2000 | 5 |
| 1997-98<br>(ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/473/1998 തീയതി 04-02-1999 | 3 |

| | | |
|---|---|---|
| 1998-99 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 11/354/2008 തീയതി 29-4-2009 | 3 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/778/99തീയതി 09-03-2000 | FULL |
| 1999-00 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 11/460/2009 തീയതി 16-03-10 | 1 |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി3/353/2002തീയതി 13-11-2002 | 17 |
| 2001-02(ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.11/717/2009 തീയതി 20-3-2010 | |
| 2001-02(ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി3/325/2004തീയതി 20-03-2005 | |
| 2001-02(വരവ്) | എൽ.എഫ്.പി.റ്റി.എ-പി3/452/2005തീയതി 24-08-2005 | |
| 2002-03(വരവ്) | എൽ.എഫ്.പി.റ്റി.എ-പി 3/453/2006 തീയതി 27-08-2006 | |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി11/718/2009 തീയതി 20-03-2010 | |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി11/250/2008 തീയതി 31-12-2008 | 3 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി11/635/2009തീയതി 27-02-2010 | 7 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി.11/636/2009 തീയതി 27-2-2010 | 1 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.11/701/2009 തീയതി 3-5-2010 | 7 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി11/750/09 തീയതി 13-04-2010 | 42 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി.6/237/12 തീയതി 28-05-2012 | FULL |
| 2009-10 | എൽ.എഫ്.പി.റ്റി.എ-പി 6/232/12 തീയതി 26-05-2012 | FULL |
| 2010-11& 2011-12 | എൽ.എഫ്.പി.റ്റി.എ-പി 12/967/2013 തീയതി 17-1-2014 | FULL |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി 5/116/15 തീയതി 04-06-2015 | FULL |
| 2013-14 & 2014-15 | കെ.എസ്.എ.പി.റ്റി.എ-പി 12/310/16 തീയതി 22-03-2016 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട ജില്ല

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി12/1453/16 തീയതി 20.1.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

Annexure – 1

No.KSAPTA-P12./1453/2016 Dated 20.1.2016

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Naranganam Grama Panchayat in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Naranganam Grama Panchayat for the year 2015-16 except the obeservations in this report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Pathanamthitta